ഘോഷയാത്ര

വ്യാഖ്യാനസഹിതം



കെ. വി. എം.

ഫ്ലോഷിയാരൊ

വ്യാഖ്യാനസഹിതം

വ്യാഖ്യാതാവ്

കെ. വി. റപ്പി



വി. സുന്ദരയ്യർ ആൻറ് സൺസ്

തൃശ്ശിവപേരൂർ.

1124

(വില ഒരുറുപ്പിക.)

അവതാരിക

ഹാസ്യരസപ്രധാനങ്ങളായ കവിതകൾകൊണ്ടു് കേരളദേവിയെ പുളകംകൊള്ളിച്ച ഒരു സരസകവിയാണു് കലക്കത്തു കുഞ്ചൻനമ്പ്യാർ. ശ്രീകൃഷ്ണചരിതാദികളായ പല കവിതകൾ നമ്പ്യാർ നിർമ്മിച്ചിട്ടുണ്ടെങ്കിലും തുള്ളൽക്കഥകളുടെ ഉപജ്ഞാതാവു് എന്ന നിലയ്ക്കാണു് അദ്ദേഹം പ്രസിദ്ധിയെ പ്രാപിച്ചിട്ടുള്ളതു്. ചാക്യാർകൂത്തിനു മിഴാവു കൊട്ടുന്ന “നമ്പ്യാർ” ജാതിയിൽപ്പെട്ട കുഞ്ചൻനമ്പ്യാർ ഒരു ദിവസം മിഴാവു കൊട്ടുന്നതിനിടയിൽ ഉറക്കംതൂങ്ങിയെന്നും, അതു കാരണം ഹാസ്യകലാനിപുണനായ ചാക്യാർ ഇദ്ദേഹത്തെ വളരെ ശകാരിച്ചുവെന്നും, ആ ചാക്യാരെ ഒന്നു പരിഹസിക്കുന്നതിനുവേണ്ടിയാണു് നമ്പ്യാർ “തുള്ളൽ” എന്ന ഒരു നൂതനപ്രസ്ഥാനം ഉണ്ടാക്കിയതെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. ഈ ഐതിഹ്യത്തിന്റെ സത്യാവസ്ഥയെക്കുറിച്ചു ചിന്തിക്കുവാൻ ഈ അവസരത്തിൽ മുതിരുന്നില്ല. എന്നാൽ ഒരു സംഗതി പറയാതിരിക്കുവാൻ നിവൃത്തിയുമില്ല. അതു മറ്റൊന്നുമല്ല. ചാക്യാർ പരിഹസിച്ചതാണു് നമ്പ്യാരെ തുള്ളലിനു കാരണമായതെങ്കിൽ ആ ചാക്യാർ മലയാളഭാഷയ്ക്കു മഹത്തായ ഒരനുഗ്രഹമാണു് ചെയ്തതു്. ആ പരിഹാസം ഇല്ലായിരുന്നുവെങ്കിൽ ഭാഷയിൽ പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിക്കുന്നതായ “തുള്ളൽ” പ്രസ്ഥാനം ഉത്ഭവിക്കുവാൻ ഇടയാകയില്ലായിരുന്നുവല്ലോ.

ചാക്യാർകൂത്തിൽ പ്രയോഗിച്ചുവരുന്ന പുരാണകഥകളെത്തന്നെ എടുത്തു് അവിടവിടെയായി അല്പാല്പം ഭേദഗതികൾ വരുത്തീട്ടാണു് നമ്പ്യാർ തന്റെ തുള്ളൽക്കഥകളെ രചിച്ചിട്ടുള്ളതു്. ചാക്യാർ കഥകൾ പറയുന്നതിനിടയിൽ കൂത്തു

കാണ്മാൻ വന്നിരിക്കുന്ന കേരളീയരായ സഭാവാസികളെ പുരാണകഥകളോടു വല്ലവിധത്തിലും സംബന്ധിപ്പിച്ചു കുഞ്ചൻ പരിഹസിക്കുകയും ശകാരിക്കുകയും പതിവാണു്. ചാക്യാരുടെ പരിഹാസവും ശകാരവുംകൊണ്ടു സഭാവാസികളായ പലരുടേയും രഹസ്യം പരസ്യമാകയും തന്മൂലം അവർ പലവിധ ദുർഘടങ്ങളിൽനിന്നും വിരമിക്കുവാനിടവരികയും ചെയ്യാറുണ്ടു്. കേരളീയരെ പുരാണലോകത്തിലേക്കു അവരറിയാതെതന്നെ ആകർഷിച്ചുകൊണ്ടുപോകുന്നതിനുള്ള സാമർത്ഥ്യമാണു് ഈ വക പരിഹാസങ്ങളിലും ശകാരങ്ങളിലും ചാക്യാരുടെ വിജയത്തിനുള്ള കാരണം. നമ്പ്യാർ ഇതിനു നേരെ വിപരീതമായ ഉപായമാണു് തുള്ളൽക്കഥകളിൽ പ്രയോഗിച്ചിട്ടുള്ളതു്. പുരാണകഥാപാത്രങ്ങളെ കേരളത്തിലേക്കു് ആകർഷിച്ചുകൊണ്ടുവന്നിട്ടാണു് നമ്പ്യാർ തന്റെ പരിഹാസവും ശകാരവും പ്രയോഗിച്ചിട്ടുള്ളതു്. രാമായണത്തിലുള്ളതോ ഭാരതത്തിലുള്ളതോ ഭാഗവതത്തിലായ ഏതു കഥയായാലും വേണ്ടില്ല, അതു കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കഥയിൽ വരുമ്പോൾ അതിനൊരു കേരളീയച്ഛായ വന്നുചേരും. തുള്ളൽക്കഥകളിൽ പലപ്പോഴും പുരാണകഥകളിലെ രാജാക്കന്മാർ കേരളത്തിലെ രാജാക്കന്മാരും, ബ്രാഹ്മണർ കേരളത്തിലെ ബ്രാഹ്മണരും, ഭടന്മാർ കേരളീയരായ നായന്മാരും, മറ്റുമായി രൂപാന്തരപ്പെടുന്നു. കഥയിൽ പ്രധാനമായിട്ടു സംബന്ധിക്കുന്ന പാത്രങ്ങളെക്കൂടാതെ അപ്രധാനമായ പല പാത്രങ്ങളേയും മലയാളികളുടെ ഭോഷകളേപ്പോലും കൊണ്ടുവന്നിട്ടുള്ളതായിക്കാണാം. ഇതുകാരണം നമ്പ്യാർക്കു തന്റെ കാലത്തെ കേരളീയസമുദായങ്ങളുടെ നടപടിദോഷം വർണ്ണിപ്പാനും പല സാമുദായികദോഷങ്ങളെ നിവാരണം ചെയ്യുവാനും സാധിച്ചു.

തുള്ളൽക്കഥകൾ മൂന്നുതരത്തിലുണ്ടു്. ഒന്നു് ഓട്ടൻതുള്ളൽ, രണ്ടു ശീതങ്കൻതുള്ളൽ, മൂന്നു പറയൻതുള്ളൽ. ഈ മൂ

ന്നുതരം തുള്ളലുകൾക്കും തമ്മിൽ പാട്ടുകളുടെ വൃത്തങ്ങളിലും തുള്ളൽക്കാരുടെ വേഷങ്ങളിലും തുള്ളുന്നതിന്റെ സമ്പ്രദായത്തിലും സാരമായ പല വ്യത്യാസങ്ങളും ഉണ്ട്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ പേരുകൾ നമ്പ്യാർ എന്തടിസ്ഥാനത്തിലാണു പ്രയോഗിച്ചിരുന്നതെന്നു വിശദമാകുന്നില്ല; എങ്കിലും മേൽപ്പറഞ്ഞവിധത്തിൽ ചില വ്യത്യാസങ്ങളെ പുരസ്കരിച്ചിട്ടാണ് ഇന്നതരമായി തിരിച്ചിട്ടുള്ളതെന്നു വിചാരിക്കാം. ഓട്ടൻതുള്ളലിലും, ശീതങ്കൻതുള്ളലിലും, പറയൻതുള്ളലിലും നമ്പ്യാർ പല ഇതിഹാസകഥകളും ഉണ്ടാക്കിയിട്ടുണ്ട്. അവയിൽ ഓട്ടനിൽപ്പെട്ട കഥകളിൽവെച്ചു പലരാലുമൊക്കെ കൊണ്ടാടപ്പെടുന്നതാണ് പ്രകൃതമായ ഘോഷയാത്ര. മഹാഭാരതത്തിലെ വനപർവ്വത്തിൽ നിന്നെടുത്തിട്ടുള്ളതാണ് ഈ കഥ. ചൂതിൽ തോററതിനുശേഷം വനത്തിലേക്കു പോയ പാണ്ഡവന്മാരുടെ നിശ്ചയപ്രകാരമുള്ള പന്തീരാണ്ടു വനവാസത്തിൽ പതിനൊന്നു വർഷം കഴിഞ്ഞതിനു ശേഷമാണ് ഈ കഥ നടക്കുന്നത്. കഥ നടക്കുന്നതായ സ്ഥലം ദ്വൈതവനം എന്ന പ്രസിദ്ധമായ തപോവനവുമാകുന്നു. ചൂതിൽ തോററ നാടുവിട്ടു കാട്ടുപുക്കിയ ദീനന്മാരായ പാണ്ഡവന്മാർ എന്തു ചെയ്യുന്നുവെന്ന് അറിയുവാൻവേണ്ടി ദുര്യോധനൻ ഒരു ചാരനെ അയയ്ക്കുകയും, ആ ചാരൻ പാണ്ഡവന്മാരുടെ പരമാർത്ഥമറിഞ്ഞുവന്നു പറകയും, വനവാസം കഴിഞ്ഞാൽ അവർ വീണ്ടും നാട്ടിൽവന്നു ദുര്യോധനനെ പടയിൽ ജയിച്ചു രാജ്യം വീണ്ടെടുക്കുമെന്നു ഉപദേശിക്കുകയും ചെയ്തു. ചാരൻ ഉപദേശിച്ചപോലെ പാണ്ഡവന്മാർ പോരിനു വന്നാൽ അവരെ പരാജയപ്പെടുത്തുവാനുള്ള പടബലവ്യവസ്ഥകളും തനിക്കുണ്ടെന്നു പാണ്ഡവന്മാരെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി ദുര്യോധനൻ ഗംഭീരമായ ഒരു ഘോഷയാത്ര പുറപ്പെടുവാൻ ഒരുങ്ങി. പക്ഷേ കർമ്മദോഷത്താൽ ദ്വൈതവനത്തിനടുത്തുവെച്ചു ഗന്ധർവ്വരാജാവു ചിത്രസേനൻ ദുര്യോധനാദികളെ യുദ്ധത്തിൽ ജയിച്ചു ബന്ധന

ത്തിൽപ്പെടുത്തുകയാൽ അവക്ക് ഉദ്ദേശിച്ചു പുറപ്പെട്ടതുപോലെ പാണ്ഡവന്മാരുടെ മുമ്പിൽ തങ്ങളുടെ പ്രതാപം കാട്ടുവാൻ സാധിച്ചില്ല. എന്നുതന്നെയല്ല, നേരെ മറിച്ച്, തങ്ങളുടെ പ്രത്യക്ഷശത്രുക്കളായ പാണ്ഡവന്മാരോട് താണുകേണപേക്ഷിച്ചു ചിത്രസേനന്റെ ബന്ധനത്തിൽനിന്ന് വിട്ടുപോരേണ്ടതായി വരികയും ചെയ്തു. ഇതാണ് ഘോഷയാത്രയിലെ കഥ. ഈ കഥയുടെ യഥാക്രമമുള്ള ഗതികൾ ടിപ്പണിയിൽ ഉദ്ധരിച്ചു ചേർത്തിട്ടുള്ള അവതാരികകളിൽ നിന്നു കണ്ടറിയാവുന്നതാണ്.

ഈ ഘോഷയാത്രയിലെ കഥയെ കവി അവതരിപ്പിക്കുന്നത് ഒരു "ഉലകുടെ പെരുമാളു"ടെ കഥാമുഖേനയാണ്. ഉലകുടെ പെരുമാൾ വാണിരുന്ന കാലം കൃതയുഗംപോലെ ധർമ്മം നിറഞ്ഞതും അക്രമങ്ങളറ്റതും സ്വർഗ്ഗത്തെപ്പോലെ സുഖസമ്പൂർണ്ണമായിരുന്നു. അദ്ദേഹം തന്റെ ശത്രുവായ മധുരാരാജാവിനോട് യുദ്ധം ചെയ്യേണ്ടതിനെപ്പറ്റി മന്ത്രിമാരുമായി ആലോചിച്ചപ്പോൾ ഒരു മന്ത്രി അക്കാലം യുദ്ധയാത്ര പോയാൽ കൗരവന്മാർ ഘോഷയാത്ര പോയതുപോലെ ആയേക്കുമെന്നു പറഞ്ഞു. അതു കേട്ടപ്പോൾ പെരുമാൾ ചോദിച്ചപ്രകാരം മന്ത്രി പറയുന്നതായിട്ടാണ് ഇതിലെ കഥ ഘടിപ്പിച്ചിട്ടുള്ളത്. ഈ കഥാവതരണം പഞ്ചതന്ത്രാദി നീതികഥകളുടെയും കഥാസരിത്സാഗരാദികളുടെയും രീതിപിടിച്ചുതന്നെ ചെയ്തിട്ടുള്ളത്. ഈ ഉലകുടെപെരുമാൾ നമ്പ്യാരുടെ സൃഷ്ടിയായിരിക്കണം. മലയാളികൾ ആരാധിച്ചുപോന്ന മഹാബലിയുടെ സമാധിയോടുകൂടിയായിരിക്കാം നമ്പ്യാർ പക്ഷേ, "ഉലകുടെ പെരുമാ"ളെ സൃഷ്ടിച്ചത്. ഉലകുടെ പെരുമാളുടെ പ്രസ്താവം കിരാതം തുള്ളൽക്കഥയുടെ ഉപോദ്ഘാതത്തിലും കാണുന്നുണ്ട്.

കവിതയിൽ ആധികാരികമായ കഥയ്ക്കു വിരിവു വരുത്തുവാൻവേണ്ടി ചില ഉപകഥകൾ കൂട്ടിച്ചേർക്കുന്നതിനു ന

ന്മാർക്ക് സഹജമായുള്ള വാസന ഘോഷയാത്രയിൽ സ്പഷ്ടമായിക്കാണുന്നുണ്ട്. ധർമ്മപുത്രൻ ഭീമനോടു പറയുന്ന എലിയുടെയും പൂച്ചയുടെയും കഥ കഥാസരിത്സാഗരത്തിൽ യൌഗന്ധരായണൻ യോഗേശ്വരനോടു പറയുന്ന കഥയെ അല്പം വ്യത്യാസപ്പെടുത്തി എഴുതിയിട്ടുള്ളതാകുന്നു. എലികളുടെ രോഷം കാണിപ്പാൻ നകുലൻ പറയുന്നതായി ഘോഷയാത്രയിലുള്ള കഥ പഞ്ചതന്ത്രം മൂന്നാം തന്ത്രത്തിൽ "ബ്രാഹ്മണസ്ത്രീ എള്ളു കൊടുത്തു" എന്ന വാക്യത്തിനെപ്പറ്റിയുള്ള ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു കഥയാണ്. രണ്ടു കഥകൾക്കും തമ്മിൽ അല്പം മാത്രമേ വ്യത്യാസമുള്ളൂ. ഈ ഉപകഥകൾ രണ്ടും പ്രകൃതത്തിൽ എത്രയും ഔചിത്യത്തോടുകൂടി ചേർന്നിരിക്കുന്നതാണെന്ന് എല്ലാവരും സമ്മതിക്കും. ഗന്ധർവന്മാർ ചെയ്ത ബന്ധനത്തിൽനിന്നു കൗരവന്മാരെ മോചിപ്പിപ്പാൻ ധർമ്മപുത്രൻ കല്പിച്ചപ്പോൾ അതികഠിനമായി കോപിച്ച് തന്നെത്താനറിയാതായിച്ചമഞ്ഞ ഭീമസേനന്റെ കോപം ശമിപ്പിക്കുവാൻ ഈ ഉപകഥകൾ ഏറ്റം സഹായിക്കുന്നവയാണ്.

കഥാഗതിക്ക് അനാവശ്യങ്ങളായ ചമൽക്കാരം ഘോഷയാത്രയിൽ ആദിമുതൽ അവസാനംവരെ വന്നിട്ടുള്ളതായി കാണാം. ദുര്യോധനൻ ഘോഷയാത്ര പുറപ്പെട്ടപ്പോൾ

"ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വെച്ചിടുകയും ചിലർ"

എന്നിങ്ങനെ പലതും ചൊല്ലുതായി വർണ്ണിച്ചിരിക്കുന്നു. മതിമറന്നു തിമിർത്തു നടക്കുന്ന ജനങ്ങളുടെ സ്ഥിതി ഈ വാക്യങ്ങളിൽ എത്രയും ശരിയായി ചിത്രീകരിച്ചിട്ടുണ്ട്. ചിത്രസേനൻ ദുര്യോധനനോടു പറയുന്ന

"വാക്കിന്നുവാക്കും വാദിന്നുവാദും
കയ്യിന്നുകയ്യും കല്ലിന്നുകല്ലും

നോക്കീടുന്നോർക്കും തല്ലിനുതല്ലും
കൊള്ളിയാ കൊള്ളുമെന്നിക്കുണ്ടറിവിന്"

എന്ന വരികൾ ഏറ്റവും അർത്ഥഗർഭങ്ങളാകുന്നു. ഇതിൽപ്പറഞ്ഞ പ്രത്യക്ഷം പരമാർത്ഥമാണെന്ന ചിത്രസേനൻ ഉദ്ധരണം കാട്ടിക്കൊടുക്കുന്നുണ്ട്. ധർമ്മപുത്രനോട് ഭീമസേനൻ ചെയ്യുന്ന പ്രസംഗം ഘോഷയാത്രയിലെ രസം ഇളക്കുന്ന രംഗങ്ങളിൽ പ്രധാനമായ ഒന്നാണ്.

"തള്ളവയർക്കിട്ടു ഇള്ളവരൊക്കെയും
തള്ളും പെറുകിന്ന കള്ളവരെന്നാൽ
കൊല്ലുമിന്നൊരിൽ തന്നെ വന്നാൽ
കോലാഹലമെന്നതിന്റെ പക്ഷം."

എന്ന വരികളിൽനിന്ന കേൾക്കുമ്പോൾ പിന്നത്തെ ചെയ്തികളിൽ ഭീമന്റെ സന്തോഷാധിക്യം പ്രകാശിക്കുന്നുണ്ട്.

"കുന്തിപ്പുത്രരുടെ മക്കളെയൊക്കെ-
ത്തൊട്ടവരെ മദ്ദളംകൊണ്ടടിച്ചു
പരിചയിക്കുന്ന മുടിപ്പുണ്ടായി-
ട്ടുലകറിയരിയൻ ഭവിച്ചപ്പോൾ"

ജ്യേഷ്ഠൻ മുടക്കുകയാണ് ചെയ്യുന്നതും,

"മറ്റൊരു കൂട്ടുകാർ വന്നൊരാ
ളാരെയും കൊണ്ടുതിരിച്ചു
മാറുമെന്നതിന്നല്പകണക്കിന-
ത്തിനെതാഴ്ത്തിട്ടുമെന്നാലുമാവോ."

എന്നും പറയുന്നതിൽനിന്ന ഭീമന്റെ സ്വഭാവം ധൈര്യവും വ്യക്തമാകുന്നുണ്ട്.

"താമസമിന്നിവ കല്ലിക്കുമില്ലിഹ
തന്നെ വന്നാലുമൊക്കെ മുടക്കം
ജ്ഞാനികളാകിന്നിവരുടമെ
തന്നിലെന്നെയോർക്കുമ്പോൾ കിന്നു

> ചൊല്ലുകൊണ്ടജനന്മാരും കൂടി–
> കാട്ടിലിരുന്നു തപംചെയ്യുമ്പൊഴും
> ദാരങ്ങളൊടൊത്തുകൂടിയിരിപ്പതു
> തന്നെത്താനറിയാ തരമല്ലിപ്പോൾ"

എന്നവരികളിൽ ഭീമസേനന്റെ ഉള്ളിൽ തിങ്ങിവിങ്ങുന്ന അമർഷവും അഹങ്കാരവും തിളങ്ങിവിളങ്ങുന്നുണ്ട്. ചിത്രസേനന്റെ പിടിയിൽനിന്നു കൗരവരെ വിടുവിപ്പാൻ ജ്യേഷ്ഠൻ കല്പിച്ചപ്പോൾ ഭീമനടങ്ങിയ യുദ്ധത്തിൽ ഗന്ധർവ്വന്മാർ കീഴടങ്ങിയതിനുശേഷം

> "വൈരിജനങ്ങടെ ബന്ധനമോക്ഷം
> വിരവൊടുചെയ്തു വൃകോദരവീര!"

എന്നു ചിത്രസേനൻ പറഞ്ഞപ്പോഴേ തീരുന്നുള്ളൂ. ചിത്രസേനന്റെ വാക്കുകേട്ടു ഉടനെ ഭീമൻ തേരിൽ കയറിച്ചെന്ന്

> "കെട്ടുകളൊക്കെയഴിപ്പാൻ വേഗതി–
> ലിട്ടുപിടിച്ചു തള്ളിച്ചിലരെ
> കഴുകെട്ടിച്ചുവലിച്ചും ചിലരെ
> പിടിച്ചുപിടിച്ചുതിരിച്ചും ചിലരെ
> അടിപറിച്ചും കീറിമുറിച്ചും
> ചെടികളെപ്പോലും തള്ളിമറിച്ചും"

കൗരവന്മാരെ കെട്ടഴിച്ച് എഴുന്നള്ളിച്ചപ്പോഴത്തെ നിലയൊന്നാലോചിക്കുമ്പോഴേ ഉണ്ടാകുന്ന സന്തോഷംപോലെയുള്ള സന്തോഷവും കൃതജ്ഞത പോലെയുള്ള കൃതജ്ഞതയും ഭീമൻ അതുവരെ ഒരുകാലത്തൊന്നും അനുഭവിച്ചിട്ടില്ല. എന്നാൽ ഈ ഭാഗങ്ങളെല്ലാം നമ്പ്യാർ ചാക്യാർക്കൂത്തിൽനിന്ന് സ്വീകരിച്ചതാണെന്ന് അതിലെ ഘോഷയാത്ര കണ്ടിട്ടുള്ളവരോട് പറയേണ്ടതില്ല.

ഈ ഘോഷയാത്രയിൽ നമ്പ്യാരുടെ കാലത്തെ കേരളീയരുടെ സാമുദായികസ്ഥിതി എത്രത്തോളം നിഴലിച്ചുകാണുന്നുണ്ട്. അക്കാലത്തെ പടയാളികളായ നായന്മാരുടെ പുരാതനമഹിമയ്ക്കു വലിയ കോട്ടം തട്ടിയിരുന്നു. "ഇങ്ങ പക

സിലേഷ്ഷ്യവേണ്ടി "ഭോഗ പണയംവെച്ചു"കയും കരപ്പും കളും ഭീഷിച്ചു" എല്ലും പണവും നശിപ്പിച്ചു" വീട്ടിലിരിപ്പാൻ നിവൃത്തിയില്ലാതാകയും ചെയ്തിട്ടുള്ള നായന്മാർ അനധാരാളമായിരുന്നു. നാട്ടിനുവേണ്ടി യുദ്ധം ചെയ്യുന്ന നായന്മാർക്കു കൃഷിചെയ്തു" അദ്ധ്വാനിച്ചു" ഉപജീവനം കഴിക്കുവാൻ സർക്കാരിൽനിന്നു ഭൂമികളും വിട്ടുകൊടുത്തിരുന്നു. അവയിൽ കൃഷിചെയ്തു കുടുംബം പുലർത്തിവന്ന നായന്മാർ രാജാവിനാവശ്യമുള്ളപ്പോൾ ആയുധപാണികളായി പടക്കു പുറപ്പെടുവാൻ ബദ്ധശ്രദ്ധരുമായിരുന്നു. പടക്കു പുറപ്പെടേണ്ടുന്ന ആവശ്യം നേരിടുമ്പോൾ "പുരുഷാരത്തെയറിപ്പാനായിപ്പുറപ്പെടുന്നയയച്ചു" "നാട്ടിലെങ്ങും നായകന്മാരുടെ കല്പന" നടത്തുകയും "കല്പന കേട്ടുടൻ നായന്മാർ" പടയാളിയായി വന്നു സമ്മതിക്കയും ചെയ്യും. അങ്ങനെ സമ്മതിച്ച നായന്മാർക്കു ഉണ്ടായിരുന്ന വട്ടങ്ങൾ കൂട്ടത്തിൽ കോവിലകത്തുള്ളവർ രക്ഷകന്മാരായിരിക്കും. പടക്കു പുറപ്പെടുന്നതിൽ നായന്മാർ വലിയ സാമർത്ഥ്യം കാണിച്ചിരുന്നു.

നായന്മാരിൽ മാത്രമല്ല അവരുടെ സ്ത്രീകളിലുംകൂടി വീര്യത്തെപ്പറ്റി പണ്ടുണ്ടായിരുന്ന നിശ്ചയംകൊണ്ടു പറഞ്ഞുപോരയെങ്കിലും നാട്ടുകാരുടെ കാര്യത്തിൽ വിശ്വാസം നശിപ്പിച്ചിരുന്നില്ല.

"പടക്കുതെറ്റ ഞെട്ടുന്ന ഭടന്മാർ വന്നുകരുതുമ്പോൾ
പടിക്കൽ കാവലും വച്ചുകളപ്പാനൊരുങ്ങുന്നു"

പറഞ്ഞു" അവരെ പരിഹസിച്ചു സങ്കടത്തിൽ പ്രവർത്തിപ്പിക്കുവാൻ നായർസ്ത്രീകളും മുതിർന്നിരുന്നു. അവരുടെ പരിഹാസത്തിന്റെ സ്വഭാവം:

"കൊല്ലുന്നതുകൂടും നിങ്ങൾ തൊഴകം ചെയ്യുമ്പോൾ
ഓർക്കുമ്പോളത്രയില്ലൊരാൾക്കുമ്പോൾ ചിരിവരും.
നോക്കും മറ്റുള്ളവരോടു പോരെടുക്കുന്നതൊരു പല
മാലക്കംകറിയും പെണ്ണുങ്ങൾക്കും വന്നതല്ലേ;

ചട്ടംപിഴച്ചു കപിക്കൂട്ടം കണക്കേനിന്നാൽ
കൂട്ടംപിരിഞ്ഞുപാരം കോട്ടം പിണഞ്ഞാകിലും.
ഒട്ടും ഇണങ്ങിയുള്ള വാട്ടം വരാത്തതന്നെ
കേട്ടാലുമെന്നതന്നെ നാട്ടാർ പരിഹസിക്കും,
കാട്ടിൽനിന്നോടിപ്പോന്ന വീട്ടിൽപ്പുക്കൊളിക്കയോ.
കാട്ടിൽ മരിക്കനല്ലൂ കേട്ടീലേ നായന്മാരേ!
ശൌണ്ഡികൾ പതിനാലു നാളിലും കേൾക്കമല്ലോ!
കാട്ടിയകർമ്മമെല്ലാം പാട്ടിലായതുമില്ല”

എന്ന വരികളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. നായർസ്ത്രീകൾക്കു കാഴ്ചകൾ കാണുവാൻ ചമഞ്ഞുപോകുന്നതിലുള്ള ഭ്രമം അക്കാലത്തു കണക്കിലധികമായിരുന്നു.

കൊട്ടാരത്തിൽ സേവകന്മാരായവരുടെ സ്ഥിതി നമ്പ്യാർ പൂർണ്ണായനനെക്കൊണ്ടു നല്ലപോലെ പറയിച്ചിട്ടുണ്ട്. ഒരു കാര്യത്തിനയച്ചാൽ അതു സാധിക്കില്ലെന്നു മാത്രമല്ല മറ്റൊന്നുകൂടി ചെയ്യുന്നവരായിരുന്നു അവരിൽ അധികം പേരും. “പകയുള്ളവരെപ്പിഴചൊല്ലിപ്പാതവകയുമൊക്ക”വാൻ മിടുക്കുള്ള അവരെ “തിരുവുള്ളക്കേടിവരെന്നോർത്തിട്ടറിയാതകയില്ലറിവുള്ളവരും” എന്നായിരുന്നു അവരിൽ അധികം പേരുടേയും സ്വഭാവം. വലിയ സദ്യകളുള്ളപ്പോൾ ഇല വെപ്പിപ്പാൻ മന്ത്രിമാരും കൂടി “കൊട്ടിലിൽ” ചെന്നു “ഉണ്ടിയലെപ്പുപിടിച്ചുവലിച്ചൊരു പന്തിപരാക്രമമൊക്കെയുമൊക്ക”ക പതിവായിരുന്നു. ഇത്രയും പറഞ്ഞതിൽനിന്നു മററുള്ളവരുടെ സാമൂഹ്യസ്ഥിതിയും ഊഹിച്ചറിയാവുന്നതാണ്.

ഘോഷയാത്രയുടെ കർത്താവായ കുഞ്ചൻനമ്പ്യാർ അക്കാലത്തു കൊച്ചിരാജ്യത്തിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ ബ്രിട്ടീഷ് മലബാറിൽ ഉൾപ്പെട്ടതുമായ കിള്ളിക്കുറുശ്ശിമംഗലത്തു ഇന്നും നല്ലനിലയിൽ കഴിഞ്ഞുപോരുന്ന കലക്കത്തു തറവാട്ടിലാണ് ജനിച്ചത്. ജനനം കൊല്ലം 880-ാമാണ്ടിടയ്ക്കാണെന്നു് അഭിജ്ഞന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നു.

ചെറുപ്പകാലത്തുതന്നെ കാവ്യനാടകാലങ്കാരാദികൾ പഠിച്ച് വ്യുൽപ്പത്തി സമ്പാദിച്ചതോടുകൂടി അദ്ദേഹം കവിതകൾ നിർമ്മിക്കുവാൻ തുടങ്ങി. അക്കാലത്തു കവികളുടെ പുരസ്കർത്താവായ ചെമ്പകശ്ശേരി രാജാവിന്റെ അടുക്കൽ നമ്പ്യാർ ഒരു സേവകനായിക്കൂടി. ചെമ്പകശ്ശേരി നാട്ടിൽ (അമ്പലപ്പുഴ) താമസിച്ചിരുന്ന കാലത്താണ് നമ്പ്യാർ തന്റെ തുള്ളൽകഥകളിൽ മിക്കതും നിർമ്മിച്ചതെന്നുള്ളതിനു തെളിവുണ്ട്. ചെമ്പകശ്ശേരി രാജ്യം 923-ാമാണ്ടിൽ തിരുവിതാംകൂറിലേക്കു ചേർത്തതിനുശേഷം നമ്പ്യാർ തിരുവനന്തപുരത്തുപോയി ഏറെ പരാക്രമശാലിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായിപ്പാർത്തുവന്നു. ആശ്രിതവത്സലനായിരുന്ന ആ മഹാരാജാവു നാടുനീങ്ങിയതിനുശേഷം കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിനെ ആശ്രയിച്ചുകൊണ്ടു പതിനാറു സംവത്സരത്തോളംകൂടി നമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുകയും 940-ാമാണ്ടിനുശേഷം അമ്പലപ്പുഴയ്ക്കു സ്വഭവനത്തിൽ പോയി വിശ്രമിക്കുകയും പിന്നെ മൂന്നോ നാലോ സംവത്സരത്തിനിടയിൽ പരമഗതി പ്രാപിക്കുകയും ചെയ്തു. പ്രകൃതസ്വഭാവമായ ഘോഷയാത്രയിൽ നമ്പ്യാർ "ധരണീസുരകുലമകുടമണി"യായ തന്റെ ഒരു ഗുരുനാഥനെ വന്ദിച്ചുകാണുന്നു. ഇതിനുപുറമെ ചെമ്പകനാട്ടിലെ രാജാവായ "ധരണീസുരപ്പുള്ള"യേയും കവി വന്ദിക്കുന്നുണ്ട്. ഈ പ്രഭുവിനെ കരുണാകരനെന്നും പരമേശ്വരനെന്നും ഭരണനിപുണനെന്നും മറ്റുമെന്നു് വളരെ വലുതാക്കി വർണ്ണിച്ചിട്ടുള്ളതുകൊണ്ടു് അദ്ദേഹത്തിന്റെ കാലത്താണു് ഈ തുള്ളൽകഥ നിർമ്മിച്ചതെന്നു് ഊഹിക്കാവുന്നതാണു്. കവി തന്റെ ഇഷ്ടദേവതകളായി കിള്ളിക്കുറുശ്ശിമംഗലത്തെ ശിവനേയും തകഴിയിലെ ശാസ്താവിനേയും മാത്തൂർ ഭഗവതിയേയും അമ്പലപ്പുഴ പാർത്ഥസാരഥിയേയും വന്ദിച്ചിട്ടുള്ളതിൽനിന്നു് അദ്ദേഹത്തിന്നു് ആ ക്ഷേത്രങ്ങളുമായുള്ള സംബന്ധം ഊഹ്യമാകുന്നു.

നമ്പ്യാരുടെ ജീവചരിത്രം സാഹിത്യപഞ്ചാനനനായിരുന്ന പി. കെ. നാരായണപ്പിള്ള വിശദമായി എഴുതീട്ടുള്ളതുകൊണ്ടു് അതിനെപ്പററി അധികം വിസ്തരിക്കുന്നില്ല.

നമ്പ്യാര് വിമര്ശകന്മാരെക്കൊണ്ടുള്ള ശല്യം കലശലായനുഭവിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്റെ മററു തുള്ളൽകഥകളിൽ നിന്നെന്നപോലെ ഘോഷയാത്രയിൽനിന്നും മനസ്സിലാകുന്നു്.

"ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നു നടിച്ചുനടക്കും
ദോഷജ്ഞന്മാർ പലജനമതിനാലി-
ന്നീഘോഷകവിത മഹാവൈഷമ്യം"

എന്നു് ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ളതോർക്കുക.

കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കുള്ള പ്രധാന ഗുണങ്ങൾ ശബ്ദാർത്ഥങ്ങളുടെ സാരള്യം, അനുപ്രാസം ഇണങ്ങിയുള്ള ശബ്ദാലങ്കാരങ്ങളുടെ ബാഹുല്യം, ഉപമ ഉൽപ്രേക്ഷ മുതലായ അർത്ഥാലങ്കാരങ്ങൾക്കുള്ള തിളക്കം, യാതൊരു വളവും തിരിവും കൂടാതെയും ഹൃദയത്തിൽ ഉദിക്കുന്നവിധത്തിലും ആശയങ്ങളെ പ്രകാശിപ്പിക്കുന്നതിനുള്ള നൈപുണ്യം, ശ്രോതാക്കളെ മതിമറന്നു ചിരിപ്പിക്കുന്ന ഫലിതം എന്നിവയാകുന്നു. ഈ വക ഗുണങ്ങളിൽ നമ്പ്യാരോടു കിടപിടിക്കത്തക്ക കവികൾ കേരളത്തിൽ വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഈ ഗുണങ്ങൾക്കുള്ള ഉദാഹരണങ്ങൾ ഘോഷയാത്രയിൽനിന്നും യഥാസംഭവം ഉദ്ധരിച്ചുകൊള്ളുവാന് വായനക്കാർക്ക് വിട്ടുകൊടുത്തുകൊണ്ടു് സംക്ഷിപ്തമായ ഈ അവതാരികയെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

കെ. വി. എം.

ഘോഷയാത്ര



അണിമതികലയും സുരവാഹിനിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണമേറിന പുരിചിടയുടയോൻ
പ്രണതശിവങ്കരനഗജാരമണൻ
കരിണീവടിവുചമഞ്ഞുവിളങ്ങിന
തരുണീമണിയാം ഗിരിസുതയാ സഹ
കരിവരവേഷം പൂണ്ടൊരു ദിവസം
കരിഹരിശരഭവരാഹമഹാഹിഗണ-
പരിവൃതമാകിന വിപിനം തന്നിൽ
പരിചൊടു വിഹരിച്ചീടിന സമയേ
പെരുകിന മട്ടുമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളുമളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശരശരനികരംകൊണ്ടും
സരസികുമുദവനധൂളികൾകൊണ്ടും
പരവശമാനസരാമവരുടനെ
പരിചൊടണഞ്ഞുപുണർന്നൊരുനേരം

തരസാവന്നുപിറന്നുവിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിന പരദൈവതമേ!
വരമരുളീടുക വന്ദിക്കുന്നേൻ. 24

കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലൊരുതിരുമിഴി വില്ലാട്ടംകൊണ്ടുമമ
കല്യാണമരുളുക കല്യാണിവാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്നഭംഗിയുള്ള
സല്ലോചനങ്ങളുടെ തെല്ലോടിടകലരും
മല്ലായുധൻറെപട വില്ലോടുതുലിതമാം
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മുല്ലാസഗുണമല്ലവില്ലാതെവിലസുന്ന
സല്ലാപമധുരസ സല്ലാളനകൾകൊണ്ടു
മെല്ലാനേരവുമെന്നെ കല്യാണി! കാത്തരുൾക.
കല്യേ! ഭഗവതി! നീ യല്ലാതിനിക്കുഗതി-
യില്ലാമമ മാനസി വല്ലായ്മവന്നീടുന്ന-
തെല്ലാമകററിപ്രതി മല്ലന്മാരുടെമദ-
മെല്ലാംകെടുപ്പതിനു നല്ലൊരുവചനകൌ-
ശല്യംതരിക മമ ശല്യങ്ങൾതീർത്തരുൾക
മല്ലാധിവാസജായേ മല്ലാക്ഷിസരസ്വതി
ചൊല്ലേറുമൊരുകഥ ചൊല്ലേണമെന്നുരുചി
തെല്ലുണ്ടെനിക്കുചൊററു കില്ലതിനുപിന്നെ
നല്ലാരമൃതരസ കല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലുംജനങ്ങളുടെ
ചൊല്ലുകൾകേൾക്കതന്നെ നല്ലനമുക്കതിനു

തുല്യംകവിതാഗുണ മില്ലെന്നറിഞ്ഞീടേണം
വല്ലാത്തകവിതകൾ ചൊല്ലുന്നവനെക്കാട്ടിൽ
ചൊല്ലാതിരിക്കുന്നവൻ നല്ല നിരൂപിച്ചാല–
തല്ലാതെദുസ്സാമൎത്ഥ്യ മെല്ലാംതുടങ്ങുന്നേര–
മെല്ലാൎക്കുംപരിഹാസ മല്ലാതെവരികില്ല;
ഒല്ലാത്തവാക്കുവന്നു ചൊല്ലുന്നപുരുഷനെ
കൊല്ലാതെകൊല്ലുമൂട നല്ലോമഹാജനങ്ങൾ;
വല്ലാത്തദുഷിവാക്കു തെല്ലുംസഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലതു തെല്ലുദിവസങ്ങൾ
ചെല്ലുമ്പോൾവേദനക ളെല്ലാംശമിച്ചുപോകും
വല്ലാത്തവാക്കു ഏറ്റി തെല്ലുംതറച്ചുപോലെ
അല്ലൽവരുത്തുമതിന്നില്ലവസാനമ–
തെല്ലാംവിചാരിക്കുമ്പോൾചൊല്ലാനുമെളുതല്ല
നല്ലഗുരുകടാക്ഷമല്ലാതൊരുശരണ–
മില്ലാമനുഷ്യൎക്കു ചൊല്ലാമൊട്ടുക്കമിനി.

ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻമമവരമരുളേണം
ധരണിസുരപ്രഭുചെമ്പകനാടാ–
മരവിന്ദാകരദിനകരനരൻ
ധരണീധരനുടെ ചരണാംബുജയുഗ–
ശരണീകൃതനിജകരണീയൻഗുരു–
കരുണാമൃതരസവരുണാലയനതി–
തരുണാമിതരുചിപരിണാഹംകൊ–
ണ്ടരുണാമലനവകിരണാവലിയുടെ
പരിണാമമായിതതരുണാകാരൻ;

അരുണാംഗുലിനഖചരണാംഭോരുഹ–
നരുണാപാംഗസ്ഫുരണാനനൻ
ഹരിണാ കനകവിതരണാദിഷു സുര–
തരുണാ നീതിഷു ഗുരുണാ ധൈര്യേ
ഗിരിണാ സമഗുണനരുണാ, സുമധുര–
തരുണീമാനസഹരണോചിതനിജ–
കരുണോന്നതഗുണഭരണോദാരവി–
ഹരണോദാത്തൻ, സുരണോദഗ്രൻ
ചരണോന്മുഖജനശരണോന്നിദ്രൻ
ധരണീപാലനശീലൻനരപതി–
ചരണംപരിചൊടുവന്ദിക്കുന്നേൻ
വരണംമമഗതിപരിണാമസുഖം. ൩൨

ശ്ലോകം.

ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
        സന്താ പുരോഭാഗിനാം,
നാരീ സാ ഖലു ദുല്ലഭാ ന കുസൃതി–
        ശ്ലിഷ്ടം യദീയം മനഃ,
ദുഷ്പ്രാപഞ്ച തമംബു തീരജരജോ–
        രാജിന്ന യദ്ദൂഷയേൽ,
ദുസ്സാധഞ്ച സുഖം തദാവിലയതേ
        ദുഃഖാനുവൃത്തിന്ന യൽ.

ഇതിനുടെപൊരുളുപറഞ്ഞീടാമിഹ
മതിമാന്മാരറിയേണമിദാനീം;
അതിയായുള്ളഗുണങ്ങൾവരുമ്പോ–

ളതിലൊരുദോഷമകപ്പെട്ടതല്ലോ;
മുററുംനല്ലമഹാജനമെല്ലാം
ചുററുംവന്നുനിറഞ്ഞസഭായാം
കുററംനോക്കിപ്പറവാൻവലിയൊരു
കുററികണക്കിന്നിൽക്കുംചിലരിഹ
ദോഷഗ്രാഹികളില്ലാതുള്ളൊരു
ദോഷജ്ഞന്മാരുടെസഭ ദുർല്ലഭം;
ഭോഷമനോഹരിയാകിയപെണ്ണിന്
ദൂഷണമൊന്നാണതുമുരചെയ്യാം;
പല്ലവമെന്നതുപോലെദേഹം
പല്ലുംചുണ്ടുമതെത്രമനോജ്ഞം!
നല്ലകടാക്ഷംനല്ലൊരുഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെമംഗലമെങ്കിലു
മില്ലാതുണ്ടൊരുദോഷമിവൾക്കും
കല്ലുകണക്കെകഠിനംഹൃദയമ-
തില്ലാതുള്ളവർദുർല്ലഭമല്ലോ;
ചാരുതയുള്ളൊരുസലിലത്തിന്നൊരു
നീരസമുണ്ടതുബോധിക്കേണം.
തീരത്തുള്ളൊരുപൊടിപടലംവന്നു
ചേരുന്നേരമതൊന്നുകലങ്ങും.
എന്നതുപോലെനല്ലസുഖത്തിന-
മൊന്നുവിരുദ്ധംദുഃഖാഗമനം;
അന്നന്നോരോദുഃഖാനുഭവം
വന്നിടകൂടാതുള്ളസുഖംവേറെ-

ഉള്ളതമെന്നാദരിച്ചീടേണം
നല്ലബുധന്മാരഖിലമിതൊന്നും
ചൊല്ലീടിയ പദ്യത്തിന്റെ പൊരുളിതു
വല്ലതുമൊട്ടൂഹിച്ചീടേണം;
ദൂഷണമാകകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നനടിച്ചുനടക്കും
ദോഷന്മാർ പലരുണ്ടതിനാലി-
ബ്ഭാഷാകവിതമഹാവൈഷമ്യം. 118

ശ്രീകപൂരമരം പരമശിവൻമമ-
സുകവിതവരമരുളേണം;
തകഴിയിലമരും ഹരിഹരസുതനും
സകലഗുണങ്ങൾ നമുക്കരുളേണം;
നഗവരനന്ദിനിമാത്രമരും
ഭഗവതി സതതം കാത്തരുളേണം;
വിഗതകളങ്കം കവികളുരപ്പാൻ
ഭികവ്യനമുക്കലഭിപ്പിക്കേണം;
അംബരതടിനീവിലയനിലീനമൊ-
ദംബുജനയനം നയനാനന്ദം
കംബുകരോപരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകം. 180

ഉലകുജയിച്ചുജയശ്രീകൾ കൊണ്ടു
കലശ്ലാഘമാകിന കുവലയനയനൻ,
ഉലകടെ പെരുമാളു വഞ്ചീപതികുല-
തിലകമതാകിന മന്നരിൽ മന്നൻ,
വലരിപുസന്നിഭനം ബുധികാംക്ഷീ-

വലയിതമാകിന വസുധാചക്രം
കുലബലധനജനപൌരുഷശാലീ
നലമേവാണവസിക്കുംകാലം,
പാരിൽദ്ദിവ്യവിഭൂതിപെരുത്തു
ദാരിദ്ര്യംബത! കാണ്മാനില്ലാ;
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിന്നുഭംഗവുമില്ലാ;
ദുർജ്ജനമില്ലാദൂഷണമില്ലാ
ദുർമ്മുഖമുള്ളജനങ്ങളുമില്ലാ;
കല്മഷമില്ലാകശ്മലരില്ലാ
കഷ്ടങ്ങൾക്കൊരുബാധകളില്ലാ;
വഞ്ചനമില്ലാവൈരമതില്ലാ
വാഞ്ഛിതമൊന്നുവരായ്കയുമില്ലാ;
ചഞ്ചലമില്ലാചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്ലലുമില്ലാ;
നിന്ദകളില്ലാനിഷ്ഠുരമില്ലാ
നിന്നനിലയ്ക്കൊരിളക്കവുമില്ലാ;
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരദ്യുതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണഘോഷണമില്ലാ;
ഏഷണിയില്ലാ എതിർപടയില്ലാ
ഏഷണദോഷവിശേഷമതില്ലാ;
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരുനാമവുമില്ലാ;

കണ്ഠീതമില്ലാ കടിലതയില്ലാ
കണ്ഠക്ഷോഭലക്ഷണമില്ലാ;
ദണ്ഡുകളില്ലാ ദൂതകളില്ലാ
ഖണ്ഡികളുളാകിന മാനക്ഷതിയില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുന്തതമില്ലാ;
സങ്കോചമില്ലാ സാഹസമില്ലാ
സന്തതീതിപരാഭവമില്ലാ;
വ്യാകുലമില്ലാ വ്യാധികളില്ലാ
വ്യാകരണം പഠിയാത്തവരില്ലാ;
ലാഘവമില്ലാ ലാലസയില്ലാ
രാഘവസേവകരല്ലാതില്ലാ;
വിഷാദമില്ലാ വിഷമമതില്ലാ
വിഷയക്കൂത്തുപിടിച്ചവരില്ലാ;
പിഴകളുമില്ലാ പീഡകളില്ലാ
പിഴകിരപ്പായജനങ്ങളുമില്ലാ;
കണ്ടകനില്ലാ കശ്മലനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ;
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാൎക്കൊരുവിനയില്ലാ.
ധൎമ്മപുത്രന്മാർ പണ്ടുനടന്നൊരു
ധൎമ്മത്തിന്നൊരു പിഴകൂടാതെ
തന്മകനതിലൊരു പത്തുമടങ്ങുസ-
ധൎമ്മസമൃദ്ധിവരുത്തി വസിച്ചാൻ.
നെല്ലും പണവും പൊന്നുങ്ങളുമിവ..

യെല്ലാമനവധിവൎദ്ധിച്ചതിനാൽ
ല്ലങ്ങളിലൊരുദിക്കമൊഴിഞ്ഞി-
ട്ടില്ലെന്നായിതു വിപ്രന്മാൎക്കും.
വിത്തം നെല്ലും വാരിക്കോരി-
പ്പുരതായങ്ങൾനിറച്ചൊരുശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്നു ഗൃഹസ്ഥന്മാരാവം.
പെരുവഴിപോക്കൎക്കൂട്ടികൊടുപ്പാ-
നൊരുവനുമില്ലൊരു ദുഃഖലേശം
ഒരുനാഴികപ്പുലരുന്നതിൻമുമ്പേ
അരിയും കറിയും വെച്ചുളവാക്കി
പെരുവഴിപോക്കർവരാഞ്ഞിട്ടവരുടെ
പെരുവഴിനോക്കിയിരിക്കും സരസൻ.
അരമനതന്നിൽവരും പഥികന്മാ-
ൎക്കൊരുവൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കുമ്പോൾ കൊററുകഴിക്കാ-
മൊരുകറിയല്ലുരുരായും പകലും.
കറിയരിവെച്ചുവെള്ളത്തൊരുഘോഷം
കറികളുമാജ്യം ദധിയും കൂട്ടി
നിറയെക്കൊററുകഴിക്കും പരിഷകൾ
കുറയില്ലൻപതുലക്ഷം ദിനവും;
പട്ടന്മാൎക്കിഹചോറുകൊടുപ്പാ-
നൊട്ടല്ലാരമുലകടെമന്നന
വട്ടം പലവക പച്ചടി കിച്ചടി
ചട്ടറ്റീടിന ചാറുപരിപ്പും

വണ്ണൻപഴവുംപപ്പടവുംപല
കണ്ണൻപഴവുംകറികളുനാലും
തിണ്ണംദധിമധുപാലുംഗുളവുമി-
വണ്ണംപ്രാതലിനുള്ളൊരുഘോഷം.
അത്താഴത്തിനുകാച്ചിയമോരും
പുത്തൻമാങ്ങാനാരങ്ങാക്കറി
മത്തങ്ങാക്കറിമററുംപലവക
നിത്യവുമിങ്ങനെഭോജനമാനം.
കൂത്തുണ്ടൊരുദിശി പാട്ടുണ്ടൊരുദിശി
ഓത്തുണ്ടൊരുദിശി കീർത്തനമൊരുദിശി
ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യ
കൊട്ടുംകോലടിയെപ്പടിതപ്പടി
തട്ടിന്മേൽക്കളിതകിലുംമുരളും
നാടകനടനംനർമ്മവിനോദം
പാഠകപഠനംപാവക്കൂത്തും
മാടണിമുലമാർമോഹിനിയാട്ടം
പാടവമേറിനപലപലമേളം
ചന്തംതേടിനചതുരംഗങ്ങൾ-
മന്ത്രഹീനംപകിടക്കളിയും
പന്തടിവീണാവേണുമൃദംഗം
ചിന്തുംപേരണിപോരണിവിധവും.
അന്തണവരരുടെശാസ്ത്രവിചാരം
ഗ്രന്ഥികളുടെപടുമത്സരവാദം
സന്ധിതുടങ്ങിനനയശാസ്ത്രങ്ങൾ-

മെന്നിതുമൊന്നാലില്ലവസാനം.
മന്ത്രികളനവധികാലാളുകളും
പന്തിനിരന്നൊരുകുതിരപ്പടയും
ലന്തർതൊപ്പ പറങ്കിത്തൊപ്പികൾ
കുന്തം ചവളം വില്ലും ശരവും
ആയുധവാഹനവിഭവം പലവാ-
നായിരമാനനമുള്ളവനംപൊണി.
മായവിതന്നുടെമകനാം മന്നവ-
നായതനയനൻവാണൊരുകാലം
നായന്മാരുടെവീടുകൾതോറും
മായാദേവതിവിളയാടുന്നു.
കായസ്ഥന്മാരച്ഛന്മാക്കൊരു
കായക്ലേശവുമില്ലക്കാലം.
അഞ്ചുപറയ്ക്കുള്ളൊരുകണ്ടത്തിൽ
പുഞ്ചവിതച്ചുവിളഞ്ഞതുകൊയ്താൽ
അഞ്ചുജനത്തിനചെലവുകഴിക്കാ-
മഞ്ചുമൊരേഴുംമാസംമുഴുവൻ
തഞ്ചിലവുകളുംവിത്തുംകൂലിയു-
മഞ്ചാറേതകണ്ടങ്ങൾകഴിച്ചാൽ
അഞ്ചാറുപത്തോവാസ്തുകൊട്ടപ്പാൻ
വാഞ്ഛിച്ചാലതുമതിലുണ്ടാകം.
കണ്ടങ്ങളിലുഴവെന്നതുകൂടാ-
തുണ്ടാമനവധിനെല്ലതുകാലം
കണ്ടങ്ങളിലുളവാംവിളവളവെ
കണ്ടവരില്ലകൃഷിക്കാരന്മാർ;

പ്രജകളൊക്കപ്പുൺവിതരുൾക്കോ.
ഒരജകാനന്മാരംഗിസംസന്മാർ
ഭൂജവരക്കെന്ത്യുമൈശ്ര്യവിശേഷം
വിജയസമർത്ഥന്മാരവരെല്ലാം
നാരികളോടുവിചാരിച്ചിട്ടൊരു
കാൎയ്യക്ലേശവുമന്നില്ലല്ലും
നേരല്ലാതൊരുസംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം.
അപരാധികളോടൎത്ഥംവാങ്ങി-
ട്ടപരാധത്തെമറയ്ക്കയുമില്ലാ
ഉപകാരംചെയ്യുവരെത്തന്നേ
കൃപകൂടാതെചതിക്കയുമില്ലാ;
ദൂഷണമുള്ളുധനവാനെങ്കിൽ
ഭൂഷണമെന്നൊരുഭാവവുമില്ലാ
ഏഷണികേട്ടിട്ടജമാനൻചില
ഭീഷണികാട്ടുകയില്ലക്കാലം.
ജാതിക്കോറ്റയില്ലാതുള്ളൂ
ചെയ്തീടുന്നജനങ്ങളുമില്ലാ
കോട്ടക്കച്ചമണപ്പാടൻവക
കാട്ടാറൻപലതുപ്പട്ടികളും
കട്ടിക്കവണികൾപട്ടുതരങ്ങളു-
മെട്ടുമുള്ളപലേസാമൻമുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കുംപട്ടന്മാർചിലർ
നാട്ടിൽനടന്നൊരുവാണിഭമെന്നു

കേട്ടിട്ടില്ലക്കാലത്തിങ്കൽ.
ഏഴ്വെളുപ്പിന്നേറവുകളില്ലെന്നു
പാഴ്വരാതെകഴിക്കുംനിയമം
താഴ്കയില്ലൊരുളിക്കിലുമെന്നാ-
ലൂഴിയിലുള്ളമഹാവിപ്രന്മാർ.

ഉലകിനിവണ്ണംപൊലിമവരുത്തി-
ക്കുലബലഭൂഷണമുലകടെപെരുമാൾ
പലപലമന്ത്രികളോടിടകൂടി-
പ്പുലസ്ഥസുമുഖംവാണരുളുന്നാൾ
ഒരുദിനമരചൻനരവരസഭയിൽ
പരിചൊടുമണിസിംഹാസനമേറി
പരിണതരാകിനമന്ത്രികളോടൊ-
ന്നരുളിച്ചെയ്താനതിതോത്സാഹൻ.
'മധുരയിൽമന്നവനൊന്നൊടുചെയ്യുരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാംമന്ത്രിവരന്മാർ
മതിയിൽമറന്നിഹമരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്യാ-
നിതിലൊരുപുരുഷനമെന്നൊരുമതമോ?
മതിമതിയെന്തിനനാസ്ഥമിതെന്നൊരു
മതിമാന്ദ്യന്നവസിച്ചീടുകയോ ?
അതിനിളുടന്നാൽചെലവിടുവാൻതാൻ
മതിയല്ലെന്നൊരുദ്വേധംകൊ-
ണ്ടതിയായിട്ടൊരുസന്താപത്തിനു
മതിമാന്മാരുമടിച്ചീടുകയോ?

മാതുലരെവരെവെട്ടിക്കൊന്നൊരു
പാതകിയാമവനാവനിവെടിഞ്ഞ-
പ്രേതപുരത്തിലിരിക്കണമിന്നതി-
നേതുമെനിക്കൊരുസംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങുനടിച്ചുതുടങ്ങീ.
നാണംകെട്ടൊരുകോണിലിരിപ്പാ-
നാണങ്ങൾക്കുള്ളൂണമാത്രമോ?
ഊണുമുറക്കവുമെന്യേയൊരുതൊഴിൽ
കാണുന്നീലിഹയജമാനമാ-
ർക്കണവിലോചനമാരെപ്പോലെ
വാണാൽമതിയോമതിമാന്മാരേ!
ഊണുകഴിപ്പാനടവിയിലുടനേ
ത്തൂണനടക്കംക്രോഷ്ടാവുംമതി.
തൂണങ്ങൾക്കപിറന്നവനീവിധ-
മൂണകളൊന്നുമൊരുണ്ണായീലാ
ക്ഷീണതകന്നുടനരികേപടയെ-
ത്ത്രാണംകൊണ്ടുതകർത്തവരുടെ
ശോണിതശോണമതാകിനദേഹം
ക്ഷോണിയിലിട്ടുപിരട്ടിശ്വാവിനൊ-
ത്തൂണിനുനൽകിസ്വാമിയെവന്ദ
നാണവണങ്ങിത്തരസാകിട്ടമൊ-
രോണപ്പുടകയുടുത്തുടനുളവാ-
മൂണത്തേപുനരുണ്ണെന്നറിവിൻ.[3]
ഇത്ഥംനൃപന്റെവാക്കുകൾകേട്ടതി-

വൃദ്ധ നൃതാതിനമന്ത്രിപ്രവരൻ
സത്വരമെഴുന്നേററടിമലർകൂപ്പി–
ട്ടത്തരമിത്തരമൊന്നറിയിച്ചാൻ:—
“അരുളിച്ചെയ്തതുസത്യമിതൊന്നും
നിരൂപിക്കാവ്യമല്ലടിയങ്ങൾ,
കുരുസുതരാകിയന്തറവരെപ്പോ–
ലരുതൊരുസാഹസമെന്നൊരുപക്ഷം
നരപതിധൎമ്മജനനുജന്മാരും
പരിചൊടുവിപിനേവാഴുംകാലം
ഉരഗദ്ധ്വജനുംസഹജന്മാരും
തരസാതങ്ങടെവിഭവംകാട്ടാൻ
പെരുകിനപടയുംകുടയുംതഴയും
കരിതുരഗങ്ങളുമെന്നൊരുഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരൂപിക്കാതൊരുനാണക്കേടഥ
വിരവൊടുകിട്ടിത്തലയുംതാഴ്ത്തി–
പ്പുരിപുക്കാനതുകേട്ടിട്ടില്ലേ?”
അരുളിച്ചെയ്താനലകടെപെരുമാൾ
“അതുമാത്രംഞാൻകേട്ടിട്ടില്ലാ.
പെരുകിനകൌതുകമുണ്ടതുകേൾപ്പാൻ
പരിചൊടുതൽക്കഥകഥനംചെയ്ക”
അരുളപ്പാടതുകേട്ടൊരുസചിവൻ
കരതളിർകൂപ്പിക്കഥനംചെയ്താൻ:— 358
എങ്കിലൊരുനാളുരഗദ്ധ്വജനും
ഉത്തുംഗതിയേറിനകുന്നിയുമുടനേ

പങ്കജലോചനപാദാംബുജമധു-
ഭൃംഗമതാകിന ധൎമ്മാത്മജനെ
കള്ളച്ചൂതുകൾകൊണ്ടു ചതിച്ചു-
ക്കള്ളന്മാർകാനനവീഥിയിലാക്കി
വെള്ളക്കുടയും പടയും രാജ്യവു-
മുള്ള പദാൎത്ഥങ്ങളശേഷമടക്കി
ഉള്ളുന്നടിച്ചുതടിച്ചുമദംകൊ-
ണ്ടുള്ളനിറഞ്ഞുകവിഞ്ഞീടുംമല-
വെള്ളത്തിരപോലിരവും പകലും
തള്ളിയലയ്ക്കും പടിതാപത്താ-
ലുള്ളത്തിൽപ്പുനരതിമത്സരി-
ലെള്ളോളം ബഹുമാനംകൂടാ-
തുള്ളരോന്മാരോടിടകൂടി-
ത്തള്ളലിയന്നവസിക്കുംകാലം
ധൎമ്മതനൂജനമനുജന്മാരും
പെൺമണിയാളാം ദ്രൗപദിതാനും
നിൎമ്മലരാകിന വിപ്രന്മാരും
ശൎമ്മദമാകിന ധൎമ്മാരണ്യേ
നിൎമ്മലതീൎത്ഥജലങ്ങളുമാടി-
ധാൎമ്മികരാകിന താപസവരരുടെ
സന്മാനത്തെലഭിച്ചുലഭിച്ചും
കിൎമ്മീരാസുരനിധനാനന്തര-
മന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധിവൻതിരനീന്തി-
ശ്ശാന്തന്മാരവരന്തണരോടേ

ഹന്തസുഖിച്ചുനിതാന്തമനോഹര-
കാന്താരേ നിജകാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടുചെന്താർമകളുടെ
കാന്തൻ തന്നുടെകാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ-
നന്തരമന്തനിരന്തരമാംവേ-
സിസൃതരംഗനിബന്ധനമൻപൊടു
സന്തരണംചെയ്തവിടെവസിച്ചാർ. 394

അക്കാലംദുൎയ്യോധനൻചൊല്ലാലന്നാജനാശം
അൎക്കാത്മജൻകൎണ്ണനധിക്ഷാതിരേകനിയും
ഉൾക്കാമ്പിലുള്ളവൈരമൊക്കെപ്രകാശിപ്പിച്ചു
തക്കത്തിലൊരുദിക്കിലൊക്കെത്തിക്കൂടി
പൊക്കത്തിലുള്ളപുരിപുക്കാറുമെന്നിതന്ന
സൽക്കാരങ്ങളുംചെയ്തു സൽകൃതകവുംപൂണ്ടു
നില്ക്കുന്നകൎണ്ണന്റെ കൈക്കപിടിച്ചുമെല്ലെ
ചിക്കെന്നുപലപല വാക്കുകളുരചെയ്തു.
വൈകെന്നസുയോധനൻ *ഇക്കണ്ടനാളെല്ലാ-
മിക്കാലംനിരൂപിച്ചതൊക്കെയുംഫലമായി;
ഞൊട്ടല്ലബോധിക്കണംഓൎക്കുമ്പോളിപ്രയോഗം
ആൎക്കുംവരുന്നതല്ല; പാൎത്താവരെക്കാട്ടി-
ലാക്കാനുള്ളുപദേശമാൎക്കുംമാതുലനല്ലാ-
താൎക്കാനുംസാധിക്കുമോ?
ഉൾക്കള്ളഭീമസേനൻതോല്ക്കുമെന്നിതുനാളും
ആൎക്കുംനിനവില്ലിതുംഇക്കാലംസാധിച്ചല്ലോ. 410

വണ്ണൻവാഴകണക്കതടിച്ചൊരു
പൊണ്ണൻമാരുതിമലയുടെമുട്ടിൽ
കണ്ണുമയങ്ങിവിലസുന്നതല്ലന്നൊരു
മണ്ണിൽമലൎന്നുകിടന്നുഴലുന്നിതു
കണ്ണുകൾകൊണ്ടിതുകണ്ടുരസിപ്പാൻ
കണ്ണാ! കൌതുകമിയലുന്നില്ലീ?
കൎണ്ണസുഖംപുനരവരുടെവാൎത്താ-
കൎണ്ണനമാത്രമതുംമതിതാനും
ഓട്ടന്മാരിലൊരുത്തൻവിരവൊടു
വിട്ടീടുകനാമെങ്കിലിദാനീം
കാട്ടിൽചെന്നവനവരുടെഗോഷ്ടിക-
ളൊട്ടൊഴിയാതെഗ്രഹിച്ചുവരേണം;
കാട്ടിൽനടക്കുംകാട്ടാളന്മാ-
ക്കാട്ടിൽ പരവശരാവതൊടെ
പട്ടിണിയിട്ടുനടക്കുന്നവരുടെ
ചട്ടമരോഷംകേട്ടുരസിക്കണ-
മൊട്ടുംതാമസമരുതരുതിനിഹ
വട്ടംകൂട്ടുകവടിവൊടുകണ്ണാ!
കോട്ടമതില്ലാതോട്ടനെയുടനാ-
ക്കാട്ടിന്നുപോവാൻവിട്ടീടുകനീ.
നന്നായ്ക്കതിരിവുള്ളൊരുപുരുഷനെ-
യിന്നുനിയോഗിച്ചീടണമതിനായ്;
ഒന്നുംതിരിയാത്താളുകളുണ്ടിഹ
മന്ദന്മാരവരെന്തിനുകൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാ-

ലൊന്നുമെനിക്കൊരുലാഭമതില്ലാ,
ഞ്ഞിനയച്ചാലതുസാധിക്കി-
ല്ലെന്നല്ലമള്ളിയുമൊന്നാവരുത്തും,
തന്നാത്താന്നറിയാതൊരുകൂട്ടം
വന്നന്നിറഞ്ഞുനമ്മുടെനാട്ടിൽ.
എന്നുടെമുതലുമുടിപ്പാനെപ്പോഴു-
മെന്നുടെഭൃത്യന്മാർമുതിരുന്നു.
അഷ്ടികണക്കിനുകൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെയെത്രമിടിക്കും,
പട്ടിണിയെന്നതുനമ്മുടെപിള്ളേ-
ക്കൊട്ടുംതന്നെസഹിപ്പാൻമേലാ,
വെട്ടുമടക്കുംമുമ്പേയഷ്ടികൾ
ഘട്ടിസ്സാദമടുത്തുഭുജിക്കും
കട്ടത്തൈരുംകൂട്ടിയുരുട്ടിയ-
തൊട്ടല്ലതുമൊരുപന്തിപ്രബന്ധം,
കൊററുകഴിച്ചൊരുതെക്കൻമുണ്ടും
ചുററിയുടുത്തൊരുതൊങ്കലുതുക്കി
വെററിലതിന്നുമുഴപ്പിച്ചുംകൊ-
ണ്ടേറവുതിരിക്കും രസികന്മാരായ്.
കററക്കുഴൽമണിമാരുടെവീടുകൾ
പററിപ്പകിടിപറഞ്ഞുരസിച്ചും
വെററപിടുങ്ങിത്തിന്നടനവരുടെ
കററമുരച്ചുചിരിച്ചുതിരിച്ചും,
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കുംപുകയിലകൊൾവാൻ

പകലുംരാത്രുമഹങ്കാരത്തിന്ന
മികവുള്ളവരിവരെന്നൊരുകഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി-
ട്ടരിയാട്ടകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവക്കുംവഴി-
തിരിയാപെരിയജനത്തിന്നപോലും;
മുടിയന്മാരിവരാകൃതികണ്ടാൽ
തടിയന്മാരൊരുവേലയെടുപ്പാൻ
മടിയന്മാർപലജനമുണ്ടിറകം-
കടിയന്മാരവരെന്നിന്നുമാകാം.
ചോറുകൊടുക്കുംയജമാനന്മാർ
ക്കുള്ളവരിറപ്പാരംകുറയും
മാറുകയില്ലപറഞ്ഞാലൊന്ന-
ല്ലറുകയേവരുമിവസംതോറും,
ഏറുകൊടുപ്പാൻതോന്നുമെനിക്കി-
പ്പോറകളുടെയധികാരംകണ്ടാൽ;
നൂറുജനത്തിലൊരുത്തനൊരെ-
ല്ലീറവരുന്നതുപൊരുതാകുറ്റാ!
തോണികടന്നാൽതുഴവേണ്ടെന്നോരു
നാണിയമുണ്ടതുതോപ്പുല്ലതും,
ഉണ്ണകഴിച്ചുംതിരിച്ചാലവരെ-
ക്കാണകയില്ലൊരുഷിക്കിൽപോലും,
കാണകയില്ലെന്നല്ലതിരഞ്ഞാ-
ലേണാക്ഷികളുടെവീട്ടിൽക്കാണാം.
അത്താഴത്തിന്നിലവെല്ലുമ്പോ-

ള്ളത്താത്തവരുടെപിലകൊണ്ടീടാം;
ചത്താലുംവരുമഷ്ടിയട്ടത്താൽ
ഓർത്താലിങ്ങുവെറപ്പാകുന്നു.
കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറുമുടക്കാൻമടിയാകുന്നു;
നീയുംഞങ്ങളുവളൎന്നീടുമ്പോൾ
ഞങ്ങംശേഷമതില്ലെന്നറിക.
ഇവ്വിധമോരോന്നുരചെയ്യുന്നാൽ
കേവലമിതിനെന്നേരവുമുള്ളൂ.
ദൈവികമുള്ളൊരുതുളതനൊവിരവൊടു
പോവതിനാളുനിയോഗിച്ചാലും".
അതുകേട്ടൻപൊടുരാധാതനയൻ
മതിമാനാകുമൊരൊട്ടനെവിരവൊടു
ഹിതമൊടുമെല്ലെവിളിച്ചുവരുത്തി
ക്ഷിതിപതിശാസനമെന്നുരചെയ്താൻ.

ഒട്ടൻവചനമതു കേട്ടൻപൊടുസരസ-
ന്നൊട്ടുംമടികൂടാതെ ഓട്ടംതുടങ്ങിയൊരു
കോട്ടംവരാതെചെന്നു കാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടെ കൂട്ടത്തെയുവനേതും
കൂട്ടാക്കാതെകണ്ടോരോരോകാട്ടിൽതിരഞ്ഞുമല-
മുട്ടിൽനടന്നുപലതോട്ടിൽചിലവലിയ
മേട്ടിൻമുകളിലോരോരോകാട്ടിൽമുനികളുടെ
കൂട്ടത്തെക്കണ്ടുകണ്ടൊട്ടുനേരംചെന്നപ്പോൾ
കേട്ടദ്വൈതമെന്നകാട്ടിൽമരുവീടുന്ന
ശ്രേഷ്ഠന്മാരായുള്ള യുധിഷ്ഠിരാദികളെന്നു.

ദ്വൈതേതരസുഖരസികന്മാരായ്
ദ്വൈതവനത്തിൽവസിച്ചരുളീടും
ശീതകിരണകുലതിലകന്മാരാം
ഭൂതലഹൃതനചൂതതരന്മാർ
പാൎത്ഥന്മാരവരമിതാനന്ദകൃ-
താൎത്ഥന്മാരതിപാവനമാകിന
തീൎത്ഥസ്നാനംചെയ്തുസുഖിച്ചോര-
നൎത്ഥംകൂടാതിഹവിലസുന്നു.
വാൎത്തകളിങ്ങനെഗൂഢമറിഞ്ഞതി-
ധൂൎത്തനതാകിനകൎണ്ണസഖൻ
പാൎത്തിരിയാതെതിരിച്ചുനടന്നഥ
പാൎത്ഥിവനഗരംപുക്കാനുടനെ
കൎണ്ണാദികളോട്കൂടിസ്സഭയിൽ
സ്വൎണ്ണാസനവരമേറിവസിക്കും
കൎണ്ണജപനാംധൃതരാഷ്ട്രജനോടെ
കൎണ്ണമൈനാപറഞ്ഞറിയിച്ചാൻ.

ആനന്ദഭൈരവി.—ചെമ്പട.

"കേട്ടാലും വീര! കേട്ടാലും! (പല്ലവി)
കേട്ടാലും ദുരിതശാന്തി
കേവലംനമുക്കുണ്ടാകും
ഗുരുകടാക്ഷപാത്രഭാഗ്യമുള്ളവ-
നൊരുദുരാധിവരികയില്ലമന്നവ! (കേട്ടാലും)
കൌന്തേയന്മാൎക്കു സന്തോഷം
കാന്താരേവസിക്കുമ്പോളും

സന്താപമവൎക്കില്ലേതും
കനിവിയന്നമുനിജനങ്ങളോടവ-
രനിശമേവഘനാശമേനചെന്നിതു (കേട്ടാലും)
ചൈതകാരണ്യമേവുന്നാ,
കൈതവങ്ങളവരോടു
ചെയ്തതെതും ഫലിച്ചീല
കരുണയുള്ളനരകവൈരിതന്നുടെ
ചരണമുണ്ടൊരണയിന്നവൎക്കിഹ (കേട്ടാലും)
തീൎത്ഥങ്ങൾതോറും പാൎത്ഥന്മാർ
സാൎത്ഥമാക്കിനാലും പുരു-
ഷാൎത്ഥമവരാത്മമോദം
സരസിജാക്ഷചരിതസാൎത്ഥകീൎത്തന-
വിരതമായിട്ടതിനമായതൊക്കവേ (കേട്ടാലും)
കാടുകൾതന്നേവീടുകൾ
തോടുകൾനദികൾനല്ല
കോടുകൾപലതുമുണ്ടു
തറിവിയാവുമതികയുണ്ടുനല്ലൊരു
വഴിയിൽവേണ്ടുമതിയുമുണ്ടുകൊററിന (കേട്ടാ)
മുറ്റുകളെല്ലാം ബന്ധുക്കൾ
ണന്തികമുപ്പൂക്കംവന്നോ-
ൎത്താഴ്പ്രാതലുനൽകും
ണടവിവാസമടവുനന്നനൊരു
കടവുമില്ലതടവുമില്ലവൎക്കിഹ (കേട്ടാലും)
ഉത്സാഹംപൂണ്ടുമേവുന്ന
മത്സരംകൂടാതവർ

വത്സരം പതിനൊന്നായി
വിരവിലിങ്ങുവരുവതിന്നസംഗതി
വരുമവർക്കതുതിവാണുകൊള്ളുക് (കേട്ടാ) 47

ഒട്ടൻവന്നുപറഞ്ഞൊരുവാക്കുകൾ
കേട്ടുകയർത്തുരചെയ്തു സുയോധനൻ
'ഒട്ടുമകംപുറമില്ലാതുള്ളൊരു
യഷ്ടി! നിയ്യനിനക്കെന്തറിയാം.
നിന്നോടവരുടെഗുണദോഷങ്ങളി-
ലൊന്നുംഞാനിഹചോദിച്ചീലാ.
ഒന്നിനയച്ചാലഞ്ചുകൊത്തും
വന്നുപറഞ്ഞീടുകിലതുപോരും
പോടാനിന്നുടെദുസ്സാമർത്ഥ്യം
കൂടാനമ്മൊടുകുടിലകഠോരാ!
പാടവമേറിനപാണ്ഡുസുതന്മാ-
രോടിടകൂടിനടന്നാലുന്നീ;
നമ്മുടെചോർത്തിന്നൊരുദ്രോഹം
നമ്മുടെവൈരികളിൽസ്നേഹമാനം!
നമ്മുടെദോഷവുമവരുടെഗുണവും
വെണ്മയിലുരചെയ്തീടിനമൂഢാ!
കാട്ടിൽചെന്നടനവരൊടുകൂടി-
ക്കായ്കനിതിന്നുകിടന്നാലുന്നീ.
കൂട്ടക്കാരെള്ളറില്ലാതൊരു-
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽകൂറൊരിടത്തിൽ
വേറുതിരിച്ചുഗ്രഹിപ്പാറായി!

ഏറിപ്പോം പറയുമ്പോളിങ്ങ-
വേറിക്കിട്ടു തൊഴിപ്പാൻ തോന്നും.
മാററാരിൽ കനിവേററമുള്ളൊരു
കൂററാരെക്കാൾ മാററാർ നല്ല
ഉപ്പുപിടിപ്പു പദാൎത്ഥത്തേക്കാ-
ളുപ്പിനെപ്പുളികരയും പറയുമ്പോൾ.
അപ്രിയമാൎത്തമുള്ളകൊണ്ടംഭയ-
മിപ്പരിഷയ്ക്കു തരിമ്പില്ലറിവിൻ!
ഇരുട്ടത്തിൽപ്പരിചയമുള്ളവ-
നരുട്ടം ചിതമെന്നിഹ തോന്നും,
വെളുട്ടത്തിൽപ്പൊന്നിടപെട്ടൊ-
രിരുട്ടം ചിതമെന്നും തോന്നും.
രസ്ത്രീകളുമഹാപാപികളവ-
രിരുട്ടത്തിൽ നിരയൊഴിഞ്ഞു;
ഭോഗ്യങ്ങളേവരായിലോപാസം പുന-
റികാലത്തുനമുക്കില്ലേതും
ഇക്ഷനാകൊന്നിനിറക്കുന്നോരം
പ്രസിനാമതിനൊരു ദൂഷണമൊളും.
സജ്ജനമെന്നുരുപാദം ചെയ്യം
വഞ്ചനമൊസ്സുകളേയൊസ്സുയിൽ.
ഇരുകൊള്ളാമെന്നൊരുവനപക്ഷം
ഒരുകൊള്ളാമെന്നാപരൻപക്ഷം
ഇരണ്ടും ചിതമല്ലെന്നു ചില
മതമൊന്നാത്തുമക്കളെനൊയുള്ള;
കള്ളച്ചൂതുകൾ മാതുലനാരെ-

ന്നുള്ളതുഞാനോകേട്ടിട്ടില്ല.
കള്ളന്മാരുടെവാൎത്തകളെല്ലാം
കള്ളന്മാൎക്കേബോധമതുള്ളു.
ഹേതുകഥിക്കാമന്തകതനയനു
ചൂതുകൾപൊരുതാൻവാസനയില്ലാ,
കൌതുകമെന്നതുപാരംതാനും
വാതുകൾപോവാൻകാരണമതുതാൻ.
വാതുപറഞ്ഞുകൊടുത്തതശേഷം
മാതുലനിങ്ങുകരസ്ഥമതാക്കി
കൈതവമെന്നതുമാതുലനിവിടെ-
ച്ചെയ്തതിലൊന്നും തോന്നുന്നീലാ-
പണയംതന്നതുവാങ്ങരുതെങ്കിൽ
പണയംപറയുന്നതിനപ്പാടിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരുഫലമില്ലേതും.
ഗുണവാന്മാരൊരുബന്ധംചെയ്താൽ
ഗുണചെയ്യുവനുമബന്ധക്കാരൻ:
പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിചെയ്യുന്നതുപാൎത്ഥിവധൎമ്മം;
ചൂതിൽച്ചെയ്കതിപിണമൊരുനേരം
കൈതവമെന്നൊരുവാൎത്ത നടത്തി
ഏതുംതിരിയാതവർപറയുന്നതി-
ലേതുമെനിക്കൊരുഭീതിയുമില്ലാ.
ഇവനുംപുനരതുനേരെന്നോൎത്തി-
ട്ടുവരുടെഗുണഗണമുരചെയ്യുന്നു.

ഭവത്തനമുക്കത്തിലുംനാഹിംഖലം
ഇവനല്ലീതെപരനൊന്നെവലപ്പാൻ"
ഇത്തരമങ്ങുകയൎത്തുപറഞ്ഞതി-
ന്നുത്തരമവനൊന്നുരചെയ്തീലാ.
സഹോദരമവനിയിൽവീണവനൊഷി
ഉള്ളിൻകോപവുമൊന്നുശമിച്ചു. 626
ഗാന്ധാരീസുതനങ്ങനെപുനരപി
ഗാന്ധാരാദികളോടുരചെയ്താൻ.
"കൌന്തേയന്മാരവർപുനരിനിയും
കാന്താരാടനമങ്ങുകഴിഞ്ഞാൽ
മാററാരവരിഹമററൊരുകൂട്ടം
ഏററാർചിലരെക്കൂട്ടിക്കെട്ടി
ഏററംകോപിച്ചിഹവന്നായ്പട-
യേറെറന്നാലിനി നില്പാൻവിഷമം.
കാററിൻമകനൊരുവൻപുലിപോലെ
ചീററിയണഞ്ഞുപിണങ്ങുന്നേരം
തോററുമടങ്ങുകയില്ലല്ലീനാം
ഊററക്കാരവർപലരുണ്ടല്ലോ.
ഇക്കൂട്ടത്തിനൊരമളിപിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹപലരും:
തെക്കുവടക്കുകിഴക്കുപടിഞ്ഞാർ
ദിക്കതുമുള്ളതിൽവൈരികളേറും
ഇക്കാലംചിലകലശലുകൂട്ടാ-
നൊക്കെക്കൂടിവിചാരിക്കുന്നു
ഇക്കണ്ടാളുകളൊക്കെവരുമ്പോൾ

ഇക്കഥയൊന്നു കേട്ടുകൊൾക പാർത്ഥ
ഭൃത്ത്യാധമനാടെ വചനംകേട്ടഥ
വിദ്വജ്ജനാംബുധികളുന്നതനായോൻ
ധൈര്യംപൂണ്ടവസിച്ചുതങ്ങളും
കാര്യംകൊണ്ടുവിചാരിക്കേണ്ടാ.
നേർത്തുവരുംപരിപന്ഥിജനങ്ങടെ
ധൂർത്തുകളൊന്നും നമ്മൊടുകൂടാ.
കീർത്തന്മാരാവലികൊണ്ടുടനവരുടെ
മൂർത്തിപിളപ്പാൻ ഞാനൊരുവൻമതി.
മറുപക്ഷത്തവരെന്നഥ...
യറുതിപെട്ടുപോമെന്നുണ്ടോ?
കരുതിയടംകൂടുകിലും...
പെരുംപുലിയോടേറ്റീടിലുമും:
അറിവുള്ളവനിനിനമ്മുടെയരികിൽ
പ്രവൃത്തിതിന്നില്ലൊരു സംശയമില്ല.
അറിവില്ലാത്തവർ ചൊന്നവാക്കുകൾ
പറയുന്നതിനൊരു സംശയമില്ല.
കണ്ടാലറിയാത്തുള്ളൊരു നാൾ
കൊണ്ടാലറിയും കള്ളിയല്ലാതോ!
വേണ്ടതിനൊത്തതുടങ്ങാതൊരു
വേണ്ടാസനമൊന്നൊന്നൊടുകൂടാ:
ശുണ്ഠികടിച്ചുപടക്കുവരുന്നൊരു
ചണ്ഡിപ്പതിവർ കണ്ടാൽ...
രണ്ടുമുടങ്ങാലതിന്നുമൊരതിരായ്.
കണ്ടുനമുക്കതു ബോധിക്കേണം.

കണ്ടന്മാരിനിവന്നിഹനേൎത്താൽ
ചെണ്ടക്കാരെന്നൊരുൽപാതങ്ങളാം
പണ്ടക്കാലപ്പലവിക്രമപൌരുഷ-
മുണ്ടിപ്പോഴുംമമകൌരവവീരാ!"

ശകുനിയുമപ്പോളുരചെയ്താൻ "മരു-
മകനോമതിമതിഭീതികളെല്ലാം.
പ്രകൃതിശരീരന്മാൎക്കങ്ങൊന്നൊരു
വികൃതിവരുത്തുവതിന്നാസമൎത്ഥൻ,
പാൎത്ഥന്മാരിനിവന്നാലുടനേ
തീൎത്തുരചെയ്യാമില്ലവിവാദം
തീൎന്നില്ലാതൊരുതിരുപതുവൎഷം
പാൎത്ഥന്മാൎക്കിനിയുംകല്പിക്കാം.
പിന്നൊരുബന്ധോംപിന്നെയുമുണ്ടാ-
മെന്നാലെകൌശലമതിലുമൊരധികം
ചേട്ടനുമനുജനുമിങ്ങുവരാതാം
ചേട്ടുകളെല്ലാമുള്ളൊരുകാലം
കാട്ടിലിരുന്നപിരിഞ്ഞീടേണം
നാട്ടിൽകേറാനിനിയൊത്തതല്ലാ"

ഇങ്ങിനെശകുനിയുമുരചെയ്തപ്പോൾ
തിങ്ങിനമോദം മനസി ജനിച്ചു
ദുശ്ശാസനമഹാഹാസരപ്പൂണ്ടു..
ദുശ്ശാസനനുപുനരുരചെയ്താൻ:
"കാട്ടിലിരിക്കുംപാൎത്ഥന്മാൎക്കിഹ
കാട്ടീടേണംനമ്മുടെവിഭവം
കൂട്ടീടേണംബന്ധുപുരുഷാരം

കേട്ടീടേണമിതെല്ലാജ്ജനവും.
കൊട്ടീടേണം ഭേരീഡമരം
തൊട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടിവടിവൊടു
പൊട്ടീടേണം കലശീതികഹരം
ചട്ടകൾതെപ്പിക്കൂട്ടിമുറുക്കി-
ച്ചുട്ടറ്റീടിനവട്ടംകൂട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി-
പ്പെട്ടികളും പലപെട്ടകവും ചില
കട്ടകമെന്നിവകെട്ടിയെടുപ്പി-
ച്ചൊട്ടകവും ചിലപട്ടിക്കുതിരകൾ
പട്ടാണികൾ പലചെട്ടികളും ചൊ-
മട്ടികളും പലപട്ടന്മാരും
വട്ടംകൂട്ടിവനത്തിനുപോവാ-
നൊട്ടുംതാമസമരുതിനിനമ്മുടെ
പട്ടശ്രീയെപ്പൊരുതമരവരെ-
ക്കാട്ടുവതിന്നനുകൂലോത്സാഹം:
നായന്മാരെവരുത്തീടുവതിനു
പോയാലും ചിലർവേഗമിദാനീം;
ആയുധവാഹനകോപ്പുകളെല്ലാ-
മായത്തിൽപോലെവരുത്തീടേണം;
നാട്ടിലൊരുത്തനിതിന്നുവരാഞ്ഞാൽ
വീട്ടിൽചോദ്യംകല്പിക്കേണം;
കേട്ടവർകേട്ടവർകൂട്ടത്തോടെ
കോട്ടയിലെത്തിസ്സമർപ്പിക്കേണം;

എങ്ങിനിനമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണച്ഛ്യമില്ലാ
അങ്ങാടിത്തെരുവിൽ ചെന്നരിയും
തേങ്ങാമുളകും വാഴക്കായും
നായന്മാൎക്കിഹ ചോറുകൊടുപ്പാ-
നായതിനുള്ള പദാൎത്ഥമശേഷം
വിരവൊടുകൊണ്ടുവരേണമതിന്നായ്
ഇരുനൂറുജനം പോയീടേണം.
പുകയിലവെററിലകളൊപ്പം പല
വകയിൽ കള്ളു കറുപ്പും വേണം
സകലപദാൎത്ഥവുമിങ്ങുവരുത്തി-
ട്ടുന്നാഹം പലകൂട്ടീടേണം." 782
എന്നതുകേട്ടൊരു രാജഭടന്മാ-
രൊന്നൊഴിയാതെ പദാൎത്ഥം കൂട്ടി-
ട്ടുന്നതന്മാർ കല്പനപറവാ-
നൊന്നാമതിന്നു നടന്നുതുടങ്ങി;
പുരുഷാരത്തെയറിപ്പാനായി-
പ്പുരുഷന്മാരെയയച്ചുതുടങ്ങി;
വിരുതന്മാരവർ നാട്ടിലശേഷം
നരപതികല്പനയങ്ങു നടത്തി;
കല്പനകേട്ടൊരു നായന്മാരും
കെല്പൊടുവന്നു നിറഞ്ഞുതുടങ്ങി.
അല്പമതല്ലൊരു ജലധികണക്കെ
തൽപുരസീമ്നി പരന്നുനിരന്നു.
തങ്ങളിലങ്ങു പറഞ്ഞുതുടങ്ങി:—

“സംഗതിയെന്നിതുകേട്ടോകൂവാ;
ഇങ്ങിനൊപൃഷാരത്തെവന്നതി-
ട്ടെന്തേപടയ്ക്കൊരുങ്ങീടുന്നു?
കട്ടവാപന്നികളെത്താൻ തലമേൽ
വെടികൊണ്ടങ്ങാൻവീണിട്ടുണ്ടോ?
ഉടനെമുതലനാട്ടുപിടിപ്പാൻ
പടയുംകൂട്ടിയടുക്കണമെന്നോ?
പടയിൽചെന്നുമരിപ്പാനിങ്ങൊരു
മടികൊണ്ടല്ലപറഞ്ഞീടുന്നു:
കടമുണ്ടെല്ലാമതിനാരിവിടെ
തടവുണ്ടതുകൊണ്ടുവരുമല്ലാ:
ഇക്കൂട്ടക്കലതിരിവില്ലാത്തോ-
രൊക്കൊരുകുഴിയിൽപ്പണയംവെച്ചു
മാക്കോപ്പരുടെമുതകുണിനെന്നാ
രൊക്കത്തൊരൊക്കണമെന്നാട്ടുചൊല്ലി
അന്നൊരാളൊരുരൊക്കംകൊണ്ടുപ-
ടയ്ക്കായ് ചെന്നുമരിച്ചെന്നാകിൽ
രൊക്കവർകൊണ്ടുതിരിക്കംവന്നക-
ടക്കാർവീട്ടിൽ പാട്ടുകിടക്കം.
ചെട്ടൻപണ്ടുപടയ്ക്കുമരിച്ചതു
കേട്ടിട്ടില്ലെന്നിങ്ങളിലാരും?
ഏറ്റുജനങ്ങളെവെട്ടിക്കൊന്നാ
കോട്ടപിടിച്ചപ്പിന്നുമരിച്ചു
മണ്ടുന്നേരംപിന്തിരിയൊരുവെടി
കൊണ്ടുമരിച്ചെന്നാണൊരുകേളി;

വാളില്ലെന്നല്ലെന്നുടെവീട്ടിലൊ-
രാളില്ലിന്നിതുകൊണ്ടുനടപ്പാൻ
കാളകൃഷിക്കുനടക്കയിതെന്യെ
കേളപ്പാക്കൊരുതൊഴിലില്ലിപ്പോൾ
നായന്മാരായ്സ്സുനപിറന്നാൽ
ആയുധമൊന്നുതനിക്കൊള്ളേണം
ആയതിനൊരുവകയില്ലാത്തവനുടെ
കായംകൊണ്ടൊരുഫലമില്ലറിവിൻ!
നെല്ലുംപണവുംമോഹിച്ചെന്നുടെ
വില്ലുംകണയുംപണയംവെച്ചു
നല്ലചിതക്കാരൻഞാൻതാനിനി
ഇല്ലംവിററുകറപ്പുംതിന്നും
ഇല്ലെന്നല്ലിതുമുടിയന്മാരുടെ
ഇല്ലന്നില്ലനശിച്ചെന്നിൽപ്പു.
വല്ലാതുള്ളവിരോപ്പുവരുമ്പോൾ
വല്ലതുവിററുംകൊററുകഴിക്കാം;
ഇക്കഥയെല്ലാംമതിമതിനാമിനി
വെക്കംചെന്നുമുഖംകാട്ടേണം
നോക്കടനമ്മുടെയജമാനന്മാർ
വക്കാണിക്കുമതൊത്തീടേണം
രാവുംപകലുംകല്പനകേൾക്കും
നായന്മാരക്കൊരുകാശുകൊടുപ്പാ-
നീയജമാനന്മാൎക്കുമനസ്സി-
ല്ലായതുചൊന്നാൽകുററവുമുണ്ടാം;
ഇഷ്ടംചെന്നുപറഞ്ഞുമറിപ്പാൻ

ട്ടുമടിയില്ല ഞാനസമർത്ഥനു
കിട്ടുംപലകറിപട്ടംചള്ളയും,
വെട്ടുംകൂട്ടമനിഷ്ടമാത്താൾ;
പണമുള്ളവനെപ്പാട്ടിൽവരുത്തി-
ട്ടുണ്ടാദോഷങ്ങൾപറഞ്ഞുപറ്റുകെ
പണമെത്രപ്പുതംകൈക്കലുമാക്കും
ക്ഷണമവനെത്തൻവീട്ടിലുമാക്കും;
നാമമാവൻകൃഷികൊണ്ടുനടന്നാ-
ന്നമമാനില്ലെന്നറിയുന്നിലേ;
നമ്മുടെകാലത്തതിന്നൊന്നിന്നു
ജവാന്തരായ്‌ച്ചൊല്ലുന്നിലേ;
ഇപ്പോൾനമ്മുടെകണക്കെടുപ്പാൻ
കല്പനവന്നതാരുവഴിക്കേട്ടു
കല്പനപറയുന്നാൾക്കൊരുകാശുകൊ-
ടുപ്പാനിങ്ങൊരുവകയില്ലിപ്പോൾ,
പണ്ടെപ്പുത്തിനടത്തിയപതിവുകൾ
ഉണ്ടെന്നാലിതുവരികില്ലറിയാ!
കണ്ടപ്പോത്തുടെകണ്ണമെടുത്തു-
കണ്ടനിവരവുണ്ടെന്നോർത്തു,
കണ്ടംപോയതുകൊണ്ടുനമുക്കൊരു
കണ്ടിതമില്ലിനിയുണ്ടാകൊരുനാൾ;
കണ്ടംപോയാലുണ്ടാകില്ലതു-
കൊണ്ടുകരഞ്ഞാനാണ്ടുവിഷാദം.
കണ്ടാലറിയാംകണ്ടവർക്കൂട്ടു-
നങ്ങളിതിനൊഷണിയെണ്ടുപിണപ്പാൻ

ചങ്ങികൾപലതുമുരുണ്ടുകരേറി-
ക്കൊണ്ടുമരിക്കുന്നങ്ങിഹനാട്ടിൽ;
ഇങ്ങിനെപലപലയാപ്പുകൾവെളിയാഴി-
ച്ചിങ്ങിനെവന്നിടക്കൂടിടെന്മാർ.
തിങ്ങിനപടയുടെസംഖ്യഗണിപ്പാ-
നെങ്ങിനെകാലതമതിയാകുന്നു?
തോക്കുള്ളവർപൂനരൊക്കെച്ചെന്നൊ-
ടിക്കൊട്ടുല്ലൽപാഴ്ക്കണമടവൊ
ന്നുഷ്ണംപൂണ്ടുവെടിക്കുമതനാകൊ-
ട്ടുകുന്നരുതിടുക്കമനേകം;
തിക്കുംവലിയതിരക്കുംപലപല
വാക്കുംചിലരുടെമുഷ്ക്കുംചൂടുമിഴി
നോക്കുംവിരവൊടുവാല്യംവികൃതിക-
ളാക്കുംപറവതിനാക്കുംപോരാ.
ഇത്തരമൊരുമതിലോരംപലവിധ-
മെത്രയുമത്ഭുതമെന്തരചെയ്യാം;
ഹസ്തിരഥാദികൾവസ്തുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു. 838
    നായന്മാർചിലവെച്ചുതുടങ്ങി,
ആയതുപറവാനവസരമില്ലാ.
ആയിരമായിരമോരോകൊട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ
പന്തിനിരത്തിയിരുത്തുവതിനായ്
മന്ത്രികൾപലരുംകൂടിയിറങ്ങി
ഉന്തിയലച്ചുപിടിച്ചുവലിച്ചോരു

പന്തിപരാക്രമമൊക്കെയെടുത്തു.
പാലുകുടിച്ചുതുടിച്ചുജനത്തിനു
നാലുപാദംവെയ്ക്കുമ്പോൾവിയർക്കും
വെയിലുംകാററുംകൊള്ളാത്തുള്ളവർ
പോലുമിതിനുക്രമിച്ചേപോവൂ;
ഇലവെച്ചങ്ങുനിരന്നുതുടങ്ങി
വലിയരിവെച്ചുവെളുത്തൊരുചോറും
പലപലകറിയുംപഴവുംനെയ്യും
നലമൊടുവളരെവിളമ്പീടുന്നു;
വട്ടങ്ങൾക്കരചേർത്തുകലക്കി-
ച്ചുട്ടംകൂട്ടിനതേങ്ങാപ്പാലും
ഒട്ടല്ലണിനവട്ടംപലവിധ-
മിഷ്ടമറിഞ്ഞുകൊടുത്തീടുന്നു,
കടൽവാഴയ്ക്കാക്കറിയുണ്ടൊരുവക
ഭടഭോജനമതുകൂടാതില്ലാ;
വടിവൊടുഭക്ഷണമങ്ങുപിരിഞ്ഞഥ
പടഹമടിച്ചുവിളിച്ചൊരുമിച്ചു, 862
കുരുപതിസുതനാംദുര്യോധനനഥ
തരസാതന്നുടെസഹജന്മാരെ
പരിചൊടുചെന്നുവിളിപ്പിച്ചപ്പോൾ
തെരുതെരെയവരുംവരവുതുടങ്ങി;
ദുശ്ശാസനനുംദുർദ്ധർഷണനും
ദുർമ്മരണനുംദുർമ്മർഷണനും
ദുർമ്മുഖനുംദുഷ്കർണ്ണൻ, മഹാദു-
ർമ്മേധാവുംദുഷ്പ്രസഹൻതാനും;

ഭൂശ്ശന്തിയുംജലസന്ധൻകണ്ണൻ
ദുൎബ്ബുദ്ധിയുമഥദുൎയ്യോധനനും
ചിത്രൻവികടൻചിത്രരഥൻതാൻ
ചിത്രധ്വജനുംകനകധ്വജനും
ചിത്രശരാസനചിത്രകനും സുവി-
ചിത്രൻപിന്നെച്ചിത്രാംഗദനും
നന്ദൻപുനരുപനന്ദൻപിന്നെ
കുന്ദോദരനുംദൃഢവൎമ്മാവും
കുണ്ഡൻപിന്നെമഹാകണ്ഡൻതാൻ
കണ്ഡവിഭേദിയുമപരാജിതനും
ദീൎഘഭുജൻതാൻദീൎഘധ്വജനും
ദീൎഘൻദീൎഘരഥൻദീൎഘാക്ഷൻ
ദീൎഘഹസ്തനുംവ്യൂഢോരസ്കൻ
ദീൎഘായുസ്സുംബഹ്വാശനനും
ഭീമരഥൻദൃഢഹസ്തൻഭീമൻ
ഭീമപരാക്രമനഭയൻതാനും
എന്നതുടങ്ങീട്ടുള്ളനൃജന്മാർ
തൊണ്ണൂറെറാൻപതുപേരുംവന്നാർ.
വിരവൊടുഭോജനമതുകഴിച്ചവർ
പരിചൊടുകോപ്പുകളിട്ടുതുടങ്ങി
പരികളുമേറിനകളമെഴിക്കി-
പ്പുരികുഴൽമാലകൾകൊണ്ടുമുറുക്കി
പെരുകിനകുറിതിലകങ്ങളൊരുക്കി-
ത്തരമൊടുതലമുടിചിക്കിമിനുക്കി
തരിവള,പിരിവള,കാഞ്ചി,പതക്കം

വിരുതുകൾ പലവകവിരൽമോതിരവും,
ആരമണി, കടമണി, തുടർമണി, കങ്കണ .
മരതാണം, ചിലർതാൾച്ചുട്ടുകളും,
മകുടം, കടകം, മണികുണ്ഡലവും
വികടകിരീടം, വിദ്രുമഹാരം,
വികസിതസുരഭിലമലർമാലകളും
സകലമണിഞ്ഞുതെളിഞ്ഞുനടന്നാർ.
പട്ടുകൾ പലതുംകെട്ടിയുടുത്തുട-
നൊട്ടുമുളം ചിലചേലകൾ ചുററി
പട്ടുറുമാലുംതലയിൽകെട്ടി-
ത്തട്ടിപ്പുഴുകന്നാടൻപുഴുകം
തൊട്ടുമുഖത്തിനു ഭംഗിവരുത്തി
ചട്ടം പലവകകൂട്ടിത്തരസാ
പെട്ടികൾ പെട്ടകമെന്നിവപലതിൽ
ചളുററീടിന കനകപ്പൊടികളു-
മിട്ടുനിറച്ചതുകെട്ടിയെടുപ്പി.
ച്ചുട്ടമിറങ്ങംപൊട്ടുംപടിപല
കൊട്ടുംവെടിയുംതട്ടിമുഴക്കി-
ത്തട്ടിനിരത്തിനടന്നുതുടങ്ങി: 914

ഉച്ചത്തിലുള്ളഘോഷംമെച്ചത്തിൽകേട്ടനേരം
അച്ചിമാരൊക്കെക്കൂടികാഴ്ചയ്ക്കുപുറപ്പെട്ടു
*നിച്ചിമിയത്തിനിന്റെകൊച്ചിനെയെവിടത്തിൽ
വെച്ചച്ചുപുറപ്പെട്ടുകാഴ്ചയ്ക്കുതാനേതന്നെ
അച്ഛനചെവിവെടിവെച്ചാലുംകേട്ടുകൂടാ
ഇച്ഛയ്ക്കുപോലുംകിഴവച്ചാർക്കുകണ്ണുകാണാ.

കൊച്ചിനേനാകേറിക്കടിച്ചെങ്കിലീമുത്തുക്ക-
ളൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെഘോഷം.
എന്തൊരുപുറപ്പാടെന്നോതാനുംബോധിച്ചോനീ
എന്തെന്റെചേട്ടത്തിയൊന്നേതുമേബോധിച്ചീല;
ഇപ്പോൾതിരുമാടംപുറപ്പാടെന്നെന്റെപക്ഷം
ഇപ്പോളല്ലതുപണ്ടുകെല്ലോട്ടകഴിഞ്ഞതല്ലോ;
ഒപ്പുവാദ്യങ്ങളൊരുകോപ്പുകൾകൂട്ടുകയോ
ഒപ്പുള്ളതരാണ്ടുതിരിപ്പുണ്ടുമറിച്ചില്ലാ;
എങ്കിൽപടങ്ങളൊരുസന്നാഹമെന്നവരും
ശങ്കയില്ലെന്നിക്കതുംസംശേതിയിപ്പോളില്ലാ;
ബാണങ്ങൾപടക്കങ്ങൾമേത്താപ്പൂക്കുററികൾ
എണാക്ഷിമാരുംചിലവീണക്കാർപാട്ടുകാരും
വേണമോപടങ്ങളായിപ്പോണെങ്കിലെന്റെതോഴി
കാണാംനമുക്കുവെക്കംപോണംപുറപ്പെട്ടാലും." 984

"ഞങ്ങളുററവളച്ചികളെല്ലാം
അങ്ങുനടന്നിതുകാഴ്ചകൾകാണ്മാൻ
നിങ്ങൾചമഞ്ഞുചന്തംനോക്കിയു-
മിങ്ങനെതന്നിതുപിരികേയുള്ളൂ;
ഘോഷമതെല്ലാംപിരിയുന്നേരം
ജോഷികളവിടെച്ചെന്നിഹചാടും
ഭാഷിപ്പാൻവിരുതുള്ളജനത്തിന്റ
ദ്വേഷിയതാമൊരുകൂട്ടമശേഷം:
ചിററമ്മയ്ക്കിതുപത്തുപിറന്നു
മററൊരുപൂതരുമില്ലെൻവീട്ടിൽ
പെററന്നാകിലൊരമളിയതാട്ടുത-

ഭീററില്ലത്തിലിരുന്നേപോവൂ"
മറെറാരുനാരിപറഞ്ഞാളപ്പോൾ
"മറെറാരു ചിന്തനമുക്കില്ലേലും.
മറെറാരുപുരുഷൻവീട്ടിൽവരുമ്പോൾ
ഏററംനമ്മുടെനായർകലമ്പും
കററംവാററുമൊന്നുണ്ടാക്കി
കൊററമുടക്കാൻമടിയില്ലവനും
പെററമ്മയ്ക്കിട്ടടിക്കുന്നവർ
മററുള്ളവരൊടുനേരാസ്ഥരമോ?
മുള്ളല്ലാതൊരുവാക്കില്ലങ്ങേ..
നാള്ളിൽകുറെനാള്ളത്രലില്ല;
ഉള്ളൊരുനെല്ലുംപണവുംപോടെ
കള്ളുകുടിച്ചുകടിച്ചുമുടിച്ചു
കഞ്ഞികുടിപ്പാനില്ലാതെന്നുടെ
കുഞ്ഞുകളേറെനടക്കാതായി
ഇങ്ങനെതലയിലെഴുത്തെന്നാകിലു—
തെങ്ങനെഞാനതൊഴിച്ചീടേണ്ടു."
അതുകേട്ടപ്പൊളൊരുത്തിപറഞ്ഞാൾ
"ഇതുകേട്ടാലുംകൊച്ചുനിയത്തി!
അരുതിയായിട്ടൊരുവീട്ടുപുലത്താൻ
മതിയായിട്ടൊരുനായരെനിത്താൻ
അമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
അമ്മാവിക്കതുസമ്മതമല്ലാ.
അമ്മാവന്റെമനസ്സുമറിപ്പാൻ
അമ്മാപാപിക്കെന്തുവിശേഷം!

വല്ലാതൊരുദോഷച്ചാർന്നമ്മെ
യുല്പത്തൊക്കംകൊണ്ടുതിരിച്ചാൻ
ചൊല്ലുകൊടുത്തുകറപ്പുംതിന്നൊരു
കല്ലുകണക്കിനകത്തിയിരിക്കും
കണ്ണുതുറക്കുന്നുള്ളതുമില്ലി-
പ്പൊണ്ണുപ്പാക്കർക്കൊരുബോധവുമില്ലാ
കിണ്ണംകിണ്ടിയുമിത്യാദികളിലൊ-
രെണ്ണംകണ്ടികാണ്മാനില്ലാതായ്;
അരിയുംകറിയുംവെച്ചുകൊടുപ്പാൻ
അരുതാതായിന്നുമുക്കംപിന്നെ
ഒരുസുഖമെന്നുള്ളതൊന്നറിയുന്നി-
ല്ലൊരുകൂറ്റാരുമിനിക്കില്ലിപ്പോൾ
ഞങ്ങളുററുള്ളച്ചികളെല്ലാ-
മിങ്ങാട്ടേക്കവിരോധംതന്നെ
ഉരിയരിപോലുംചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും
തിരിയാത്തവനൊടുഞാനൊരക്ഷര-
മുരിയാടാറില്ലെന്തിനുപാഴിൽ
പരിഹാസത്തിനുവകയില്ലാഞ്ഞവർ
പെരുവഴിനോക്കിയിരുന്നീടുന്നു."
ഇങ്ങനെയോരോവാക്കുപറഞ്ഞുട-
നംഗനമാരുംവെന്നനിറഞ്ഞു
അങ്ങാടികളിലുമാൽത്തറമേലും
സംഖ്യാനിന്നിതുഘോഷംകാണ്മാൻ. 996

കുരുപതിതനയന്മരാജയാത്രം

പെരുകിന പടകളുമിളകിമെല്ലെ
പെരുവഴിതിങ്ങിവിങ്ങിനടന്നീടുന്നു
ഇടിപോലെകിടുമിടിപടഹങ്ങളും
പൊടുപൊടെവെടികളുമുടനെയോടെ
ഇടിപൊടിതകരുമൊരടവുടനെ
വടിവൊടുനടന്നിതുപടകളെല്ലാം
കടലുടെവടിവൊരുകലശലഹോ
പടലുടനടവികളിടിഞ്ഞുടനെ
പൊടിയുടെപടലവുമുലകിലെല്ലാം
പടുതരമുയരുന്നപലവഴിയിൽ
കടുതരകൊടികളുമിടകലരും
ഭടജനപടകടെനടനവിധൌ
തടമുലതടവിനതരുണികളും
മടുമലർമലരവിൽചൊരിഞ്ഞീടുന്നു.
അനവധികതിരകളതിന്നിടയിൽ
ഘനരുചികരികളുമളവില്ലെതും
ധനജനവിഭവങ്ങളിവണ്ണംകണ്ടാൽ
ധനപതിയെപ്പെട്ടന്നൊളിച്ചുമണ്ടും. 1016
കനകമണിഞ്ഞൊരുകരിവരകണ്ഠേ
കനിവൊടുകേറിയിരുന്നാൻകുരുപതി
പനിമതിസമമൊരുവെള്ളക്കുടയും
കനകാഞ്ചിതമാംവെൺചാമരവും
അനവധിതഴയുംമുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
അനുജന്മാരുടെമോടിയുമെന്നിവ

മനുജന്മാൎക്കുമനോഹരമെല്ലാം
ആടുകയുംചിലർപാടുകയുംചില-
രോടുകയുംചിലർചാടുകയുംചിലർ
വാടുകയുംചിലർതേടുകയുംചിലർ
ചോടുകൾവെച്ചിട്ടുകൂടുകയുംചിലർ.
വീടുകളുംപലനാടുകളുംപല-
തോടുകളുംപലകോടുകളുംപല-
കാടുകളുംപലമാടുകളുംമല-
മേടുകളുംമലർവാടികളുംപല-
മേടുകളുംപലവേടുകളുംപല
പാടവമോടുകടന്നുകടന്നവ-
രാടലകന്നതകത്തുതിമിൎത്തുമ-
ഹാടവിപൂകുന്നേരം
ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയംവന്നിട്ടുകൂടി
അന്ധതമാകിനതിമിരംവന്നനു-
ബന്ധിച്ചുടവിതടങ്ങൾനിറഞ്ഞു
ഗന്ധൎവ്വന്മാൎക്കുള്ളൊരുസമയം
ചന്തമൊടവിടെസ്സംഗതമായി
ഗന്ധൎവ്വന്മാരതിസുഖമോടെ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവോടു
ചെന്താമരമലർവാപികൾതോറും
സന്തോഷേണജലക്രീഡാദിനി-
താന്താനന്ദമിയന്നവരായാം

കന്തീതനന്ദനാൎമതവീടിന
കാന്താരാന്തികളൂടെ ചെന്നാർ
ഗാന്ധാരീതനയന്മാർപടയും
ഗാന്ധാരരോപാന്തംസാധിപന്മം.
വഞ്ചനാശീലനനാകിനകുരുപതി
പുഞ്ചിരിപൂണ്ടുപറഞ്ഞാനടനേ.
"നെഞ്ചിൽനമുക്കൊരുപായംതോന്നി
കിഞ്ചിൽ ൨ ണമതിനങ്ങൊമിപ്പോഠം
നഞ്ചുകലക്കണമിവിടത്തിൽപല
വഞ്ചാലകളിലെവാരിയിലെല്ലാം
ചഞ്ചലമില്ലിഹപാണ്ഡുസുതന്മാ-
രഞ്ചുജനങ്ങളുമതികടിവന്മാർ
പാഞ്ചാലിയുമുടനംബുകുടിച്ചിഹ
പഞ്ചതയെപ്രാപിച്ചീടേണം;
നഞ്ചുകലക്കുവിൻ"നെന്നീവണ്ണം
പഞ്ചമഹാപാപിപറഞ്ഞപ്പോഠം
പാപികളൊരുവകരാജഭടന്മാർ
വാപികഠംതന്നിൽമരുന്നുകലക്കി
കോപികളായവർകാട്ടിയതെല്ലാം
പാപത്തിന്നൊരുവഴിയായ്ത്തീരുമെ. 1068

വൃത്രന്നൊക്കൊന്നവൻറമിത്രമായുന്ന
ചിത്രസേനഗന്ധൎവ്വൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽതൻെറചാരുഗാത്രിമാരോടുകൂടി
തത്രവന്നൊരുശേതപത്രിണീതോയംതന്നിൽ
ചിത്രമാംകേളികഠംക്കു പാത്രമാമവനപ്പോഠം

ഇത്രാധികാനന്ദവിചിത്രംവിഹരിക്കുമ്പോൾ
വെള്ളപ്പൂക്കിനൊത്തവെള്ളത്തിൽനഞ്ചിടുവാ-
ന്നുള്ളകള്ളുകൾകൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളകൈയത്തുബല-
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നുകേറി.
"കള്ളക്കടിലന്മാരേ! കൊള്ളാമിക്കാടുതന്നി-
ലുള്ള മുനികളുടെ വെള്ളത്തിൽനഞ്ചിടുവാ-
നുള്ളോരുത്സാഹമിപ്പോൾ
കള്ളുകുടിച്ചുവന്നുള്ളനടിക്കുന്നിങ്ങൾ
ഉള്ളന്നതെല്ലാമിത്രയുള്ളവെന്നിങ്ങുറച്ചു
കൊള്ളപ്രഹരമതിനുള്ളവഴികൾവീണു
കൊള്ളിവാക്കുകൾകൊണ്ടു ഉള്ളിക്കുന്നതുപിന്നെ
കൊള്ളിക്കുന്നതുബാണം കൊള്ളിക്കുംബഹുമാന-
മെള്ളോളമില്ലെന്നോർപ്പിൻ!" 1086

"കുരുകുലമൂഢന്മാരേനിങ്ങടെ
പരമാർത്ഥംഞാനഖിലമറിഞ്ഞേൻ
തരമില്ലിങ്ങിനെ ചതിയുംകോതിയും
തരസാമനമതിലേറെമുഴുത്താൽ.
കൌരവകുലമതിലഴകേറീടിന
വീരന്മാരാംപാർത്ഥന്മാരോടു
വൈരംമനസിമുഴുത്തതിനാൽനിജ-
പൌരുഷമവരെക്കാട്ടുവതിന്നായ്"
പൌരന്മാരുംപടയുംകുടയും
വാരണങ്ങടയുംകൂട്ടിക്കെട്ടി-
പ്പാരിടമൊക്കെമുഴക്കിവരുന്നതു

നേരാസ്ഥരികില്ലധമന്മാരെ!
അഞ്ചിതമാകിനശുദ്ധജലങ്ങളിൽ
നഞ്ചിടുവാനാസ്ഥയെന്നൊരുനിങ്ങടെ
നെഞ്ചകമെന്നതുകല്ലോശിവശിവ!
പഞ്ചമഹാപാതകിമാർനിങ്ങൾ
നേരെനിന്നാപ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരുവൈഭവമില്ലാ,
നേരല്ലാതെചതിപ്പാൻപെരുവഴി
യോരോന്നിങ്ങിനെനോക്കിനടന്നാൽ
വൈപരക്കേടുകൾവളരെവരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും.
നീരസമല്ലാതുള്ളപ്രയോഗം
പാരംകെറയുംനിങ്ങൾക്കിപ്പോൾ
തന്നോക്കാൾബ്ബലവിക്രമമുള്ളൊരു
ധന്യന്മാരൊടുമെന്നിഹനേർത്താൽ
ഒന്നുംതരമാസ്ഥരികില്ലതുകൊ-
ണ്ടെന്നുംതീരാദുഷ്കീർത്തികളും.
ആണുങ്ങൾക്കുപിറന്നവരെങ്കിൽ
പ്രാണൻകളവിൻനമ്മുടെനേരെ
ബാണംകൊണ്ടുസഹിക്കാഞ്ഞുടനേ
നാണംകെട്ടുനടക്കുന്നിങ്ങൾ.
ഇക്കൂട്ടത്തിനുബലമില്ലെന്നൊരു
ധിക്കാരംകൊണ്ടിവിടെവരുന്നതു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണംഞാൻവാങ്ങുകയില്ലാ

വാക്കിനുവാക്കുംവമ്പിനുവമ്പും
മുഷ്ടിനുമുഷ്ടുംമുള്ളിനുമുള്ളും
നോക്കിനുനോക്കുംതല്ലിനുതല്ലും
ചോഷ്ടിനുചോഷ്ടുമെനിക്കുണ്ടറിവിൻ.
കള്ളന്മാരാംനിങ്ങളെഞങ്ങ—
ളെള്ളോളംബഹുമാനമതില്ലാ.
ഉള്ളംതന്നിലഹംഭാവംകണ്ണ—
കൊള്ളന്നേരമതുൾപ്രമതാകും.
പുള്ളിപ്പുലിയുടെമുന്നിൽച്ചെന്നിഹ
തുള്ളിനടക്കുംകുറുനരിയപ്പോൾ
കൊള്ളാംനീയിഹകേവലമൂഢാ!
കള്ളാ!നിന്നുടെനാശമടുത്തു." 1184
ഇത്തരമുള്ളൊരൃഷിവാക്യംചെവി
സന്താപമൻപൊടുകേട്ടൊരുനേരം
ക്രുദ്ധനതാകിനധൂർത്താഗ്രജ—
നന്തരമുടനിത്ഥമുരത്താൻ—
"നില്ലെടമൂഢാ!മതിമതിനിന്നുടെ
വല്ലാതുള്ളൊരുവാക്കുകളെല്ലാം
മല്ലുനടിച്ചുചൊടിച്ചുപറഞ്ഞാൽ
കൊല്ലുവതിന്നൊരുസംശയമില്ലാ;
ജളനാംനിന്നുടെകരളിലഹമ്മതി
കളവാൻവിരവിലഹമ്മതിഭോഷാ!
വളരെപ്പറവാൻകഴിവില്ലെന്നൊരു
വെളിവുണ്ടുള്ളിൽനിനക്കതുവിഫലം
പെണ്ണുങ്ങൾക്കൊരുബുദ്ധമാനത്തിനു

പൊണ്ണൻപവവകളല്പിക്കുന്നു
വിണ്ണവർനാട്ടിലെവിരുതുംകൊണ്ടിഹ
വന്നാപറത്തൊലിവിടെപ്ഫലിയാ
മറുനാട്ടിന്നൊരുവിരുതൻവന്നിഹ
തിറമൊടുനിന്നുഫലിപ്പിക്കുന്നു
കാര്യമതൊത്തുപറഞ്ഞീടുക നീ
കുറവുവരുത്തിയയസ്സംഞങ്ങളും.
സംഗതികൂടാതുള്ളൊരുവാക്കുകൾ
നിങ്ങടെനാട്ടിൽതന്നെനല്ലു;
ഇങ്ങനെയുള്ളൊരുനല്ലസമക്ഷ-
ത്തെങ്ങുംനിങ്ങടെവിദ്യകളൊക്കാ
പൊട്ടുകളുമുവിട്ടുതിരിച്ചാ-
ലട്ടെസ്സൊരുഗതിയില്ലെന്നറിക.
യഷ്ടികളെബ്ഭയമില്ലകരസ്സും-
പട്ടികടിക്കില്ലെന്നുപ്രസിദ്ധം.
ഗന്ധർവ്വൻനീയെങ്കിലുമിങ്ങനെ
ബന്ധംകൂടാതുരചെയ്യുന്നാൽ
ബന്ധുവിഹീനനതാകിനനിന്നെ-
ബ്ബന്ധിച്ചീടുന്നുണ്ടിഹഞങ്ങൾ
പന്തണ്ടുമുലമാരാകമിവർക്കൊരു
സന്താപത്തിനുസംഗതിയില്ലാ
ചന്തമിയന്നൊരുപുരുഷന്മാർപലർ
ബന്ധുതചെയ്യാനിവിടെയുമുണ്ടാം
അഞ്ചാറനുജന്മാരുനമുക്ക-
ണ്ടഞ്ചായുധനൊക്കാംവിരുതന്മാർ

അജ്ഞാതവാസമൊടുകൂടിവസിക്കാം
കഷ്ടമതാർക്കിനിമാരരിവരുവിൻ
കണ്ടകനാമിതിന്നവൻകറി–
ള്ളുന്നയിടുന്നതുരോമിക്കണോ
ള്ളന്നിക്കടിച്ചാൽഫലമില്ലവനാരു
കണ്ണൊരുകാണിലിരിക്കെയുള്ളു;
നടുമിററത്തൊരുകററിതാച്ചൊരു
ഓടുപാരംകൊണ്ടരയിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കനര–
ണ്ടടകനൊരുമൂതക്കണ്ടതുപോലെ.
വാടാനിനദൈവികളുകളെന്നോടു
കൂടാമൂഢാ! കടിലക ഭീലാ!
പാടവമോടിഹപടപൊരുതീടുക
നാടകമല്ലിതുവീരവിനോദം." 1186
"കണ്ണാനീയിതുകേൾക്കുന്നീലേ
കണ്ണാരുള്ളമിവനുടെവചനം
കണ്ണാകൃഷ്ണമതാകുകചാപം
കീഴ്ന്നമതാക്കണമിവനുടെഗാത്രം
ഘേലാരമരങ്ങളെടുത്തുതൊടുത്തൊരു
മാരികണക്കിനെവർഷിച്ചാലും!
വടിവൊടുവൈചരവെടൻതന്നുട–
ലടിമുടി പൊടിയാക്കീടുക കണ്ണാ!
ഉള്ളാസനനാംഭൂർജ്ജുവനംപുന–
രിള്ളാസനമനമാനിച്ചാലും!
വാള്ളുള്ളമെന്നൊരുപേക്ഷകണക്ക–

ല്ലിട്ടാനെക്കൊലചെയ്യേപോവൂ.
നമ്മുടെ നേരെവന്നൊരുകൂട്ടം
നിഗ്രഹിയാമെന്നുജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ–
ഹമ്മതിയിന്നുശമിപ്പിക്കേണം
ഒരുപോരങ്ങംകണക്കിനുകൊണ്ടാൽ
ഒന്നുംവിരവൊട്ടമറുതലവീരൻ
തൊണ്ണൂറാരിവർപടയെന്നുള്ളൊരു
തന്നക്ഷരമതുകേട്ടിട്ടില്ലാ.
രണ്ടായിടാനല്ലാതൊരുവസ്തു
വൈരക്കാരൻ ഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾപറയുന്നതിനെള്ളൊ–
കൊണ്ടാടാൻചിലമൂഢരുമുണ്ടു്".
"അടുക്കവിരവൊടുതടുക്കചിലർചെന്നു
പിടിക്കരൊരവരമെടുക്കപതിച്ചൊട്ടു
തൊടുക്കയിവനുടെമിടുക്കുകൊണ്ടുതന്നെ
നടക്കുമെന്നുചിലരുടക്കുവതിന്നിന്നു
മടിക്കരുതതിമുടക്കിനമ്മെര–
മടക്കിയുടനതിപട്ടുകളൊരുവക
പടസ്സുമിടനുകപൊട്ടുകെന്നിവനുടെ
മിടുക്കഫലിക്കാത്തുനടക്കമില്ലെന്നാകി–
ലടക്കമതുകൊണ്ടു നടുക്കമിനിക്കില്ല
പടുക്കളിവരെല്ലാമൊടുക്കംതോററുമെങ്ങും"
ഇങ്ങനെയുള്ളൊരുഘോഷണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുശേഷം

സംഗരമാററുതുടങ്ങിപ്രകടമാ–
രങ്ങൾചൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചൊല്ലേറീടിനഗന്ധർവ്വൻനിജ–
വില്ലുവലിച്ചുചെവിക്കടചേർത്തു
നല്ലശരങ്ങളുതിർത്തുതുടങ്ങി
നല്ലൊരുസമരമതെന്നേവേണ്ടു;
ഉററംഛാരവർഞററവരെല്ലാം
ഏററംചാടിയടുത്തുതുടങ്ങി
കാററുകൾതട്ടിക്കരപററീടുമൊ–
രാററിലെവെള്ളത്തിരകൾകണക്കെ
കേററംപോർമതാരംഭിപ്പൂന–
രേററംപേടിയുമുടനേകൂടി
തോററുതിരിച്ചുതുടങ്ങിപതുക്കെ–
പ്പാററകൾപോലെപടജനമെല്ലാം.
മാററലർബാണഗണങ്ങളുമുടനട–
നേററുമറിഞ്ഞുമറിഞ്ഞഥവീണു.
ഏററുതിരിപ്പാനൊളുതല്ലാഞ്ഞവ–
രേററംഭൂമിയിൽവീണുമുരണ്ടും
പേടികലർന്നൊരുനായന്മാര–
ങ്ങോടിച്ചെന്നുമരങ്ങടെകൂട്ടിൽ
കൂടിക്കേറിയിലകൊണ്ടുശരീരം–
മൂടിയൊളിച്ചുശയിച്ചാരുടനെ.
നായന്മാരുടനോട്ടന്നേര–
ത്തായുധമെല്ലാംവഴിയിൽപ്പോയി
ആയതുപിന്നെയുമുണ്ടാക്കീടാം

കായംകിട്ടുകിലതുണ്ടല്ലൊലാഭം
മലയുടെഗ്ഗുഹയിൽചെല്ലുന്നകടന്നാർ
ചിലരന്നേരംപ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംകൂട്ടി-
തലയുംകൊണ്ടുതിരിച്ചാനപ്പോൾ.
കലയുംമാനുംവരുമൊരുമാർഗ്ഗേ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹപാർക്കുന്നേരം
വലയിൽചെന്നവലഞ്ഞാനൊരുവൻ.
വലയിൽപെട്ടുകലയൊരുവേടൻ
കലയെന്നോർത്തൊരുബാണമയച്ചാൻ
തലയിൽകൊണ്ടുതറച്ചതുകണ്ടാ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മയാളത്തിലെമാനുഷനൊരുവൻ
വലയിന്നിങ്ങുവലിച്ചപതുക്കെ
തലയിന്നമ്പുപറിച്ചാൻ വേടൻ.
പേടിത്തൊണ്ടൻമറെറാരുമാനുഷ-
നോടിപ്പോംവഴിയറിയാറാകി
കാട്ടുതകരത്തൊരുവാരിക്കുഴിയിൽ-
ച്ചാടിയൊളിച്ചുകിടന്നാനപ്പോൾ,
ഉള്ളത്തിൽഭയമേറുകമൂലം
വെള്ളത്തിൽച്ചിലർചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി-
നുള്ളിൽപുക്കിതുപലജനമപ്പോൾ,

ണ്ണിൽപലപലകഴിയുണ്ടാക്കി–
ളെപ്പൊണ്ണന്മാർചിലരവിടെയൊളിച്ചു,
കണ്ണുമടച്ചുപുതച്ചുകിടന്നൊരു–
വണ്ണമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർചെണ്ടക്കാരരു–
മ്പരയപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൽ–
കൊമ്പുതടഞ്ഞുടനമ്പലുമിന്നം,
കള്ളമരയിലുറപ്പിച്ചീടിന
വിളപാരോടുകപാടംചെണ്ടയും,
കള്ളമതൊരുകാട്ടിലെറിഞ്ഞി–
ട്ടപ്പിക്കിന്നധയാവതിചെയ്തു,
ഒരുദാഗതത്തെതാലുപിളന്നി–
ട്ടൊരുവൻചെണ്ടയ്ക്കകപ്പുക്കാൻ
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരുചെണ്ടക്കാരൻ. 1288
ഉടുക്കംകൊട്ടിക്കൊണ്ടെഴുന്നുടക്കുന്നോരുമേളക്കാർ
ഉടുക്കംമൃദംഗംകളഞ്ഞുമിടുക്കംഭാവിച്ചുമണ്ടി
തിടുക്കംപൂണ്ടൊരുവീട്ടിലൊളിപ്പാൻഭാവിക്കുന്നേരം
കടുത്തനായർതാൻവന്നുതടുത്താനാരുമല്ലാ;
മടിക്കംപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ട്"
പാടുക്കുന്നകാട്ടിൽപുക്കുകിടക്കുന്നനായന്മാർവ–
ടുക്കുന്നകോലാഹലംകെട്ടുകൊണ്ടൊരുമൂലയിൽ
പ്പതോറവമങ്ങെന്നുഭടന്മാർവന്നുകേറുമ്പോം
ടിക്കൽകാവലുംവെച്ചുകടപ്പാനൊരുതല്ലെന്നും

വനത്തിൽനിന്നോടിവന്ന ജനത്തിന്റാരവം കണ്ടു
മനസ്സിൽനിനയ്ക്കുന്നോരീജനത്തിന്നുവാക്കുണ്ടായി
*വമ്പന്മാരായവീരാക്കൊമ്പന്മാരെല്ലാരുമോരോ
വമ്പുംപറഞ്ഞുവില്ലുമമ്പുമെടുത്തുംകൊണ്ടു
തമ്പുരാനാർത്തിരുമ്പിലകമ്പടിക്ക-
ങ്ങിമ്പംകലർന്നുചെന്നുവമ്പിച്ചകാനനത്തിൽ
ഗന്ധർവ്വന്മാരെപ്പിടിച്ചന്ധന്മാരായനിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻബന്ധമെൻഭോഷന്മാരേ
ചന്തംപെരിയതൊങ്കൽകന്തംകളഞ്ഞുവീണ
മന്തങ്ങളുംതകർന്ന[illegible]സാഹസങ്ങൾ
തോല്ക്കുന്നാളുട്ടുന്നിങ്ങൾതോക്കുംകളഞ്ഞുപോന്ന-
താർക്കുമടുത്തല്ലിതോർക്കുമ്പോൾചിരിയാകും
നേർക്കുമാററാരോടുംപോരെല്ലുന്നോരംപല
ചാക്കുംമുറിവുംപൂണ്ടാർക്കുംവരാത്തതല്ലാ;
ചാട്ടംപിഴച്ചുകപിക്കൂട്ടംകണക്കേനിങ്ങൾ
ക്കൂട്ടംപിരിഞ്ഞുപാരംകോട്ടംപിണഞ്ഞുമൂലം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നേ
കേട്ടാലുടനേതന്നെനാട്ടാർ പരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിലൊളിക്കയെ-
ക്കാട്ടിൽമതിക്കന്നല്ല കേട്ടീലേനായന്മാരേ!
ഗോഷ്ഠികൾപതിന്നാലുനാട്ടിലുംകേൾക്കുമല്ലോ!
കാട്ടിയകർമ്മമെല്ലാംപാട്ടിലായതുമില്ലാ*
പെണ്ണുങ്ങളുടെവാക്കിവണ്ണംകേൾക്കുന്നചില
പൊണ്ണന്മാർവീടുകളിൽകണ്ണുമടച്ചിരുന്നാർ;
കർണ്ണൻദുരിയോധനൻവികർണ്ണൻദുശ്ശാസനനും

കണ്ണുംചുവത്തിച്ചാപദണ്ഡംകുലച്ചുംകൊണ്ടു്
ചണ്ഡമായുള്ളശരഷണ്ഡമുതിൎത്തുംകൊണ്ടു
എത്തുവന്നടുക്കുന്നചിത്രസേനന്റെകൂട്ട-
മെത്രവരെയുണ്ടത്രചിത്രന്മാരവരോടു
യുദ്ധംതുടങ്ങിയവരിത്ഥംപറഞ്ഞീടുന്നു
ക്രുദ്ധന്മാരായകത്യന്ധന്റെനന്ദനന്മാർ. 1829

"ഗന്ധൎവ്വന്മാരാകിന്നനിങ്ങടെ
ഗന്ധംപോലുംനാസ്തിയതാമൊരു
ബന്ധംകൂടാതിങ്ങിനെനേൎപ്പാ-
നെന്തൊരുകാരണമധമന്മാരേ!
അംബരചാരികളാകിന്നനിങ്ങടെ
ഡംബരമിന്നുഗമിക്കുമശേഷം
സംഗരമിവിടെച്ചെയ്യുതിനുള്ളൊരു
സംഗതിവന്നിതുനന്നിതുകാലം
അംഗമഹീപതികൎണ്ണൻഞാനതു
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ!
അംഗങ്ങളിലുടനമ്പുകൾകൊണ്ടിഹ
ഭംഗംവരുമല്ലറിയാതെല്ലാം;
നിങ്ങടെവിരുതുകളൊന്നുമിതൊന്നും
ഞങ്ങടെനേരെഫലിക്കയുമില്ലാ;
കുരുകുലതിലകൻദുൎയ്യോധനനൃപ-
നരികുലശലഭദവാനലസാരൻ
കരബലശാലികളനുജന്മാരും
പരബലമാരുതകക്ഷമശേഷം." 1846

ശ്ലോകം.

കുംഭീന്ദ്രപ്രൌഢകുംഭസ്ഥലദലനകലാ-
ചണ്ഡദോർദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻകിമുതഘനനികര-
സ്സംഹരേത്സിംഹവീരാൻ
കിംഹോ!ഗന്ധർവ്വവൃന്ദംസകലമപിസമം
സംഗതംസംഗരാന്തേ
ദംഭോപേതംവിജേതുംപ്രഭവതിവിമതോൽ-
കർത്തനാൻധാർത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടുപറഞ്ഞതാലറിവാ-
നാകുലമെങ്കിൽപൊരുളുകളെല്ലാം
ലോകരശേഷംബോധിക്കേണം
ലൌകികമിങ്ങുകഥനംചെയ്യുന്ന
ആനത്തലവന്മാരുടെമസ്തക-
മാശുപിളർന്നുകിളർന്നൊരുരുധിരം
പാനംചെയ്തുമദിച്ചുനടക്കും
പരുഷതരാകിനസിംഹകുലത്തെ
താനേചെന്നൊരുകൂട്ടംമുയലുകൾ
ബാധിച്ചാശുവധിപ്പാൻമതിയോ;
അതുപോലെബഹുഗന്ധർവ്വന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർചെയ്യാൻ
മതിയാമോബതശിവശിവ!മോഹം
കൂടലർകുലബലമരുതിപെടുക്കം
കൂട്ടംകുരുകുലമെന്നധരിപ്പിൻ!

ണ്ടവരേഘോഷകന്നപടയ്ക്കുതി-
പാടവമേറിനകള്ളാളികളൊടു
കൂടാനിങ്ങടെനിഷ്കൃതികളൊന്നും
വാടാതെചെയ്കമൂഢാ!ഞങ്ങളവി
വാട്ടങ്ങളിലൊരുവൻപോലും
പ്രൗഢാഹംകൃതിയുംകൃതിയാലതി-
മൂഢന്മാരുടെവാക്കിതിവണ്ണം
ശുദ്ധമതല്ലിഹപൊരുളുളകിഞ്ചിൽ.”

ചിത്രസേനനസുയോധനവൃന്ദം
തത്രവന്നടനടുത്തളരായും
ചിത്രസേനനഥസേനകളോട-
ണൊത്തുകൂടിയവരോടുരചെയ്താൻ:—
“നില്ലുനില്ലെടസുയോധന!കള്ളാ!
നിങ്ങൾചൊന്നമൊഴിനിന്ദിതമെല്ലാം,
വില്ലെടുത്തുവിളയാടിനഞങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം.
കുത്സമത്സരമതികളെല്ലാം
പേർത്തുപേർത്തുടനതിർത്തുടർന്നാൽ
ചീർത്തമൂർത്തികളിലാത്തസമസ്തം
കോർത്തുകോർത്തുകലീകൃതമാകും;
ധാർത്തരാഷ്ട്ര!കുടിലാശയ!നിന്റെ
ധൂർത്തുകൊണ്ടുഫലമില്ലെട!മൂഢാ!
ഓർത്തുകൊൾകമമബാഹുബലംനീ
നേർത്തുവന്നതതിസാഹസമല്ലോ;
ഉൾക്കചാരിവരരോടമർചെയ്യാ-

പുഷ്പമാമവനിചാരികളെല്ലാം
പുഷ്ടരാഗമതിലമ്പുകളേററി–
ദുഷ്ടലോകഗതിവന്നാരവിക്കും;
കാട്ടിൽവന്നനിജപൌരുഷഭാവം
കാട്ടുവാനിഹതുടൎന്നൊരുകള്ള–
ക്കൂട്ടമിങ്ങനെതിമിൎത്തുമൂലം
കോട്ടമിന്നുവരുവാൻവഴികൂട്ടി;
നൂററുപേരുമിഹനിങ്ങളശേഷം.
കൂററുകാരുമുടനൻപൊടുപോരിൽ
തോററുപോംപടിതിയതുമെല്ലാ
കാററുപോലെയുഴമൊട്ടുപറക്കും. 1898

അഷ്ടികഴിച്ചുതിമിൎത്തുനടക്കും
യഷ്ടികളൊരുവകകൂൎത്തിനയന്മാർ
നഷ്ടിവരാനൊരുവഴിയുംനോക്കി–
ക്കഷ്ടിച്ചങ്ങനെപടയുംകൂട്ടി
കെട്ടിച്ചുററിയണിഞ്ഞുതെളിഞ്ഞിഹ
കൊട്ടിഘോഷിച്ചാൎത്തുവിളിച്ചും,
പെട്ടികളുംചിലപെട്ടകവുംപല
ചട്ടമതിങ്ങനെവട്ടംകൂട്ടി
ചെട്ടികളുംചിലകുട്ടികളുംകോ–
മട്ടികളുംപലപട്ടന്മാരും
നാട്ടിലിരിക്കുംപ്രജകളെയെല്ലാം
കൂട്ടിസന്തപിച്ചെന്തൊരുകാൎയ്യം?
കാട്ടിൽവരാനിഹകടിലന്മാരേ!
കാട്ടിയവിരുതുകളൊക്കെയബദ്ധം.

കാട്ടിലിരിക്കും പാൎത്ഥന്മാരെ -
കാട്ടീടുവതിന്നിങ്ങനെ നിങ്ങടെ
ഗോഷ്ഠികളോൎത്താൽ ചിരിയാകുന്നു;
ഗോഷ്ഠവിലോകനമെന്നൊരു കപടം.
പുഷ്ടിനടിക്കും നിങ്ങളെയിപ്പോൾ
പട്ടിക്കു ബഹുമാനം നാസ്തി;
കൊട്ടിക്കൊണ്ടിഹ വരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരു കുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേ ധൃത -
രാഷ്ട്രസുതന്മാർ നിങ്ങൾ പിറന്നു
നാട്ടിന്നാശം നിങ്ങടെ മൂലം
നാണക്കേടിന്നല്ലൊരു മാറ്റം
പടയും നിങ്ങടെ പടവികളും പല -
കടയും കൊടിയും തഴ ചാമരവും
പടഹം തുടി പറ കൊമ്പു കുഴലും
പട്ടത്തരഘോഷമശേഷവുമിപ്പോൾ
ഝടിതി നശിച്ചിതു ജളരേ; നിങ്ങടെ
തടിമാത്രം ശേഷിച്ചിതു സമരേ
തടിയന്മാരേ! പട പൊരുതീടുക
കടിലന്മാരേ! മൂഢന്മാരേ!
മടിയന്മാരുടെ മദവും മതവും
പടതുടരുമ്പോൾ തീരുമതറിവിൻ." 1484

ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങിതു
ചിത്രസേനാദികളും ധാൎത്തരാഷ്ട്രാദികളും,
അസ്ത്രങ്ങളനവധി ശസ്ത്രങ്ങൾ പലവിധം

ചിത്രപ്രകാരമതുമാത്രംപൊറവാൻമേലാ
വെട്ടംതടവുംചിലമുട്ടംമുറികളുംപുന–
രൊട്ടുംകുറവില്ലാത്തകൊട്ടുംകുഴൽവിളിയും;
എട്ടുദിഗന്തങ്ങളുംപൊട്ടുംപ്രകാരംപട–
വെട്ടുംകുടുക്കുന്നവതൊട്ടുംമുപ്പതുംനാലു–
മെട്ടുംതളർവില്ലുമിട്ടുകളഞ്ഞുനല്ല
പട്ടുംവെടിഞ്ഞുപുറകോട്ടുതിരിച്ചുനേരം
മുട്ടുംകലമ്പിപ്പടക്കൂട്ടംപലവഴിക്കും
ഓട്ടംതുടങ്ങിപലകോട്ടങ്ങൾകണ്ടുനില്ക്കും
ധീരൻചിത്രസേനൻഗംഭീരൻഗന്ധർവ്വരാജ–
വീരൻനൂറ്റവരോടന്നേരംപറഞ്ഞതെത്രതാളം
"ഭേരേ! മൂഢരേ! നിങ്ങളുമെങ്ങാനുമാനോട്ടന്നു
പോരാട്ടുവാൻമിടുക്കപോരാതനിങ്ങളിപ്പോ–
പോരായുധമെന്നതെത്രംനിരൂപിക്കാതെ [ൾ
ജ്ഞതചൊല്ലിത്തങ്ങടെപൌരുഷംകാട്ടാൻവന്നു?
[ങ്ങൾ
നില്ലിൻതരിമ്പെങ്കിലുംകെല്പില്ലാത്തവർനി–
ജല്പിപ്പാൻമാത്രംകൊള്ളാമല്ലന്മാരയ്യോകഷ്ടം
ചൊല്ലൊണ്ണുംദേവരാജൻകല്പിച്ചുവന്നു ഞങ്ങൾ
സർപ്പധ്വജൻറക്കൂട്ടരെപ്പേരുമിന്നുതന്നെ
സ്വർഗ്ഗത്തിൽവന്നീടണംമെച്ചല്ലാപറയുന്നു
പട്ടുംവളയുമെല്ലാംകിട്ടുമത്രയുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നുകൈക്കപോരും
പോരാതെപോന്നുകൊൾവിൻവീരാളിപ്പട്ടും..
[കിട്ടും.

ഇത്തരംമൊഴിപറഞ്ഞുസമത്ഥൻ
ചിത്രസേനനതിവേഗമടുത്തു
തേരുമത്രമഥധ്വജാദിവെപ്പും
ആരുമേപരെയുമടുത്തുതടുത്തു
വാളുകൊണ്ടുടനടിച്ചുപിടിച്ചു-
ക്കയറുകൊണ്ടുടൽവരിഞ്ഞഥകെട്ടി
തേരിലേക്കൊടിമരത്തൊടുകൂട്ടി-
ച്ചേർത്തുമാറുപലകെട്ടുമുറുക്കി
ക്ഷിപ്രമംബരതലത്തിലുയന്നാ-
നപ്രമേയബലനാകിനഖിച്ചൻ.
ധാത്തരാഷ്ട്രനതുചെയ്തനേരത്തു
ആത്തരായിക്കരയിട്ടുതുടങ്ങി:—
“ധൂത്തരാമരികളെങ്ങളെയെല്ലാം
തേർത്തടത്തിലുടനിട്ടുവരിഞ്ഞു
ഉൽപതിക്കിന്നിതകൊണ്ടുതിരിച്ചു
പാത്തുകാണ്കമമധർമ്മതനൂജാ!
പാർത്ഥ!ഹാ!നകുല!ഹാ!സഹദേവാ!
കാത്തുകൊൾകകനിവോടതിവേഗാൽ;
ഭീമസേന!വരികാത്തുതനിമ്പും
താമസിക്കരുതിനിങ്ങളിദാനീം
സീമയില്ലമമസങ്കടമയ്യോ
ധീമതാംവര!യുധിഷ്ഠിരവീര! 1482

(ഇന്ദിരരാഗം, കണ്ണനാച്ചിതാളം)

തടിച്ചോരുഗന്ധവ്വൻമഹാകശ്മലനടിച്ചു
പിടിച്ചുകെട്ടിക്കൊണ്ടുതിരിച്ചുശിവശിവ!

ഞെ ഞാൻ വരുത്തുന്നൊരനൎത്ഥങ്ങളാൽ [കെട്ട
കരത്തിന്നൊരു കരുത്തുമില്ലാതെ ഞങ്ങൾ കനക്കെത്തരം–
വലഞ്ഞുവോം കെട്ടുവയം കേവലം വലയ്ക്കുകത്തു
പതിച്ചുള്ളൊരങ്ങളെക്കണ്ടെക്കൊ ദേവദേവ!
സഖേ! ധൎമ്മജ! വീരസമീരാത്മജ! സരസപാൎത്ഥ!
നകുല! സഹദേവ! വരിക വിരവോടെ;
നിരാധാരരായുള്ള ജനങ്ങൾക്കെഹൊ നിങ്ങളെ–
ന്നിയെ മറെറാരു ജനമില്ല ശരണമതുമൂലം
കരുക്കൾക്കവന്നീടും തരക്കേടെഹൊ കലത്തി– (1494
ലുള്ള ജനങ്ങൾക്കൊക്കത്തന്നെ സമമെന്നറികെടോ!"

ഇത്തരമുള്ളൊരു മുറവിളികൊണ്ടഥ
പത്തുദിശാന്തരമൊക്കെ മുഴങ്ങി
സത്വരമതുകേട്ടധികദയാനിധി
സത്വഗുണാംബുധി ധൎമ്മതനൂജൻ
ഗന്ധവഹാത്മജനോടരുൾചെയ്തു:—
"ഗന്ധൎവന്മാർ വന്നിഹ നമ്മുടെ
ബന്ധുജനങ്ങളെയെല്ലാം വിരവൊടു
ബന്ധിച്ചും കൊണ്ടങ്ങതിരിച്ചു
ബന്ധം കൂടാതിങ്ങനെ ചെയ്തതി–
ന്നന്ധത താനൊരു കാരണമിപ്പോൾ
അന്ധൻ ജനകനമിക്കഥ കേട്ടാൽ
അന്തസ്താപം കൊണ്ടു മരിക്കും;
എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
അന്തരമില്ലതു ചെയ്തീലെന്നാൽ

എന്തിന്നു നമ്മുടെ ധൎമ്മവിചാരം?
ദുൎയ്യോധനനും ദുശ്ശാസനനും
ദൂഷണമനവധി ചെയ്യുവരെങ്കിലു-
“മയ്യോ ഞങ്ങൾ വലഞ്ഞിതെ”ന്നിങ്ങനെ
കണ്ണും മെയ്യും വശമല്ലാത്തവർ
നമ്മെ വിളിച്ചു കരഞ്ഞതു കേട്ടിഹ
ചുമ്മായിരിപ്പതുചിതമോ സഹജ!
ധൎമ്മം ഭൂപതിക്കാശ്രിതരക്ഷണ-
കൎമ്മമതല്ലോ സഹജന്മാരേ!
ദുൎമ്മദമിപ്പോളരുതരുതനു-
ചിതം പറയുമതിന്നവധി മേലിൽ.”

അഗ്രജവചനം കേട്ടൊരു നേരമു-
ദഗ്രപരാക്രമിയാകിയ ഭീമൻ
അഗ്രേ നിന്നു പറഞ്ഞുതുടങ്ങിസ-
മഗ്രാഹംകൃതിശാലി ശരീരൻ;
“അടിയങ്ങൾക്കിഹ നാലു ജനത്തിനു-
മരുളിച്ചെയ്യൊരു കല്പന കേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹ ധൎമ്മം
പിടിപാടില്ലാത്താളുകളല്ലാ;
കള്ളച്ചൂതുകൾ കൊണ്ടു ചതിച്ചൊരു
കള്ളന്മാരുടെ കപടമതോൎത്താൽ
ഉള്ളത്തിന്നിലൊരല്പം കനിവെ-
ന്നുള്ളതു സംപ്രതി തോന്നുന്നീലാ;
തള്ളലുമവരുടെ തുള്ളലുമൊരുവക
ള്ളം പെരുകിന കള്ളവുമോൎത്താൽ

കൊള്ളാമിത്തൊഴിൽ താനേവന്നു
കോലാഹലമെന്നെന്നുടെപക്ഷം;
ഗന്ധൎവ്വന്മാർസരസന്മാരവർ
ഏറെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു;
പാലുകുടിച്ചുതടിച്ചൊരുകൂട്ടം
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുനൂറുമുളന്മാർ
നാട്ടുമുടിപ്പാൻവന്നുപിറന്നു
ഛന്ദംകാട്ടിനടക്കുന്നവരുടെ
ഉന്തംതല്ലിയുതിപ്പാൻനല്ലൊരു
ബന്ധംകാണാതങ്ങുവസിക്കും
ഗന്ധൎവ്വന്മാൎക്കിനകണക്കിൽ
ബന്ധിപ്പാനൊരുസംഗതിവന്നു
സന്ധിക്കാതവർവിട്ടുകയുമില്ലവ-
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതുചെയ്യുന്നിൽപൂ
വിണ്ണവർനാട്ടിലിരിക്കുംവേശ്യ-
പ്പെണ്ണുങ്ങടെനാട്ടുമുറമടിപ്പാൻ
പൊണ്ണന്മാരിവർകൊള്ളാമവരുടെ
പെണ്ണുങ്ങടെവീട്ടുപണിചെയ്യിക്കാം;
കാളിപ്പെണ്ണുകളിക്കുന്നേരം
താളിപതുപ്പാനൊരുവൻകൊള്ളാം;
നീലിപ്പെണ്ണിന്നനിദ്രാസമയേ

കാലിണകൈക്കൊനാപരൻകൊള്ളാം
ഉച്ഛ്രിതൻറെപടിക്കമടപ്പാൻ
ഉച്ചിയിലുള്ളവരിവർചിലർകൊള്ളാം,
അരുവയർമൌലിതിലോത്തമതന്നുടെ
പുരമുറിതുപ്പാനൊരുവൻകൊള്ളാം,
സപത്നസ്ത്രീകടെവൃഷലികൾവേലയെ–
ടുക്കെണ്ടുന്നതിനിവരെക്കൊള്ളാം,
പച്ചിലയുള്ളൊരുപാദവിക്കാരുടെ
എച്ചിലെടുപ്പാനിവർചിലർകൊള്ളാം,
ചന്ദ്രക്കാരനുവെററിലതെറുപ്പാൻ
ചന്തക്കാരിലൊരുവൻകൊള്ളാം,
കട്ടിപ്പട്ടന്മാരുടെചുമടുകൾ
കെട്ടിപ്പേറാനൊരുവകകൊള്ളാം,
കല്പകവൃക്ഷംകാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവകകൊള്ളാം,
തുമ്പടികൂട്ടുന്നവരുടെവീട്ടിൽ
തുമ്പകിളപ്പാനുംചിലർകൊള്ളാം,
ഗോക്കളെമേപ്പാനുംചിലർകൊള്ളാം,
ശ്വാക്കളെനോക്കാനുംചിലർകൊള്ളാം,
കാക്കവരുമ്പോൾവക്കാണിപ്പാ–
നാക്കണമെങ്കിലതിന്നിവർകൊള്ളാം;
ഈവകവിടുപണിചെയ്യിപ്പാനിഹ
ദേവകൾചൊല്ലാൽഗന്ധർവ്വന്മാർ
ഇവരെക്കെട്ടിക്കൊണ്ടുതിരിപ്പാ–
നവകാശമിതെന്നടിയന്തോന്നി;

മറെറാരുകാൎയ്യക്ലേശംചെയ്യാൻ
ഞാററിലൊരുതന്നമില്ലിഹ നൂനം;
മാററികളെപ്പുനരെന്തിനനാമിഹ
മാററിക്കൊംവാൻപണിചെയ്യുന്നു
കുരുടപ്പാരുടെമക്കളെയൊക്കെ
തെരുതെരെമമഗദകൊണ്ടടിക്കൂട്ടി
പതിമൊട്ടുകൊന്നുമുടിപ്പാനായി–
ട്ടുലകറിയടിയൻഭാവിച്ചപ്പോൾ
അരുതരുതെന്നിഹജ്യേഷ്ഠൻനമ്മൊട്
തിരുവുള്ളക്കേടായതുമൂലം
കുററംവരുമെന്നോൎത്തുടനടിയൻ
മുററുമടങ്ങിപ്പാൎക്കുന്നിപ്പോൾ
മറെറാരുകൂട്ടക്കാർവന്നെററി–
ഞ്ഞാറവരെയുംകൊണ്ടുതിരിച്ചതു
മാററമെന്നെന്തിനനല്ലുകണക്കിലി–
തേററതൊഴിപ്പാനെന്താവശ്യം?
താനൊന്നിനകല്പിക്കയുമില്ലിഹ
താരനവന്നതുമൊക്കെയൊടുക്കം;
ഞാനികളാകിന്നിങ്ങടെമദ്ധ്യേ
ഞാനിങ്ങനെയൊരുമൂഢൻതീൎന്നു
ജ്യേഷ്ഠനമനുജന്മാരുംകൂടി
കാട്ടിലിരുന്നുതപംചെയ്യാലും!
ബാന്ധവന്മാരൊട്ടുകൂടിയിരിപ്പതു
താരത്തൊന്നിക്കിഹതരമല്ലിപ്പോൾ
തടിയൻഭീമൻഞാനിനിനിങ്ങടെ

ള്ളടയിലിരുന്നതരങ്ങൾകെടാതെ
വാള്ളൊരുഴിക്കിന്നപോകെയുള്ള
വാച്ചൊരുപരീക്ഷവമൊഴിയണമുടനെ.
ഗദയുംകയ്യിലെടുത്തൊരുപൊണ്ണൻ
ഉദയകളിയുംപുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിതുടൎന്നാൽ
അപവാദങ്ങൾനമുക്കുഭവിക്കും
ചേട്ടനതനുജന്മാരുംചെന്ന-
ച്ചുണ്ടക്കാരുടെദീനമൊഴിച്ചുട-
നവരുടെദിക്കിനയച്ചുഭവണ്ടു
ഭവനേചെന്നവർക്കേവംമുൻപേ
കാററിൻമകനിടനവിടെച്ചെന്നിഹ
ന്നൂററിനൊന്നുംപൊടിഭസ്മമതാക്കി
കാലത്തിങ്ങുവരുന്നവരെ
കാലപുരത്തിൽചെന്നാൽകാണാം* 1624

കടുത്തവാക്കുകളുരത്തുഭീമൻ
കരത്തിലുഗ്ഗദയെടുത്തുവെക്കും
നടപ്പതിന്നഥതുടൎന്നനേരം;
"കടുപ്പമാളുമടക്കമില്ലാ-
തടുത്തസോദരരുടനെച്ചൊലാനീ
പൊടുക്കനെക്കഥയൊടുക്കകെന്നു
നടക്കയില്ലിഹമിടുക്കനെങ്കിലും
ഒടുക്കമെൻപൊടുമടക്കവുംചില-
മുടക്കവുംവരുമടക്കമേറ്റുക-
മിടക്കുസോദര!പടക്കുകാലമ-

തട്ടുകാരന്നിതുനാടകമായതു
തട്ടത്തില്ലഹമിട്ടത്തിലുംതെ–
മുടിക്കിലുംപുനരടിക്കിലുംപൊടി–
പെട്ടക്കിലുംപൂരമടക്കിലുംപെഥി
വടക്കുതെക്കിഹനാടക്കിലുംതവ
മതംനമുക്കനുമതംവൃകോദര
ഹിതംപറഞ്ഞതുചിതംഗ്രഹിക്കനീ. 1042
കുരുകുലമതിലിഹജാതന്മാരവർ
ഒരുനൂറുംനാമൈവരുമല്ലോ;
ഒരുമനമുക്കൈവർക്കുംതങ്ങളിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാററാർവന്നുവിരോധിക്കുമ്പോൾ
നൂററഞ്ചുംപുനരൊന്നെന്നോവതു.
ഉററവർക്കുംവരുമൊരബദ്ധം
കൂററാർവേണമൊഴിപ്പതിനപ്പോൾ
കൂററാരൊരുവകയില്ലാതൊരുമിരി
മാററാരെങ്കിലുമുപകൃതിചെയ്യാം.
കാററിന്മകനേ!മടിയാതവർകളെ
മാററിക്കൊണ്ടിഹവരികകുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി–
ലുണ്ടായ്വന്നുസഖിത്വമൊരുനാൾ
മലയുടെകൂട്ടിൽകാട്ടാളന്മാർ
വലയുംകെട്ടിയുറപ്പിച്ചങ്ങിനെ
കലയുംമാൻപുലിയുംവന്നതിൽ
വലയുന്നേരംകൊലചെയ്യാനായ്

ഒരുദിനംപാൎത്തിരുപകൽകഴിവോളം
ഒരുമൃഗമന്നിഹവന്നതുമില്ലാ.
വരുമിനിരാത്രിയിൽനാളെവെളുത്താൽ
വിരവൊടുവന്നുവധിക്കാമെന്നവർ
കരുതിത്തങ്ങടെഭവനേചെന്നട-
ന്നൊരുമിച്ചുവിടെയുറക്കവുമായി
ഒരുമാൎജ്ജാരൻവനഭുവിരാത്രിയി-
ലിരയുംതേടിനടക്കുന്നേരം
തരസാചെന്നൊരുവലയിൽച്ചാടി-
ക്കരവുംകാലുമിളക്കാൻമേലാ
പരവശനപ്പോൾ ഞ്യാവൂ ഞ്യാവൂ
കരവുതുംചെയ്തവിടെവലത്തു.
അരികേയുള്ളൊരുപോട്ടിലിരിക്കും
പെരുതായുള്ളൊരുമൂഷികനപ്പോൾ
അരിയായുള്ളൊരുപൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നുവിരണ്ടു,
ഉരിയാടാതെമുഖംകാട്ടുന്നതു-
മൊരുകുറികണ്ടാൻപൂച്ചയുമപ്പോൾ
സരസതയോടുവിളിച്ചാനവനെ-
പ്പരവശനായ്ഞാൻമൂഷികവീര!
വലയിൽചാടിവലത്തിതുതാനൊരു
ഫലമില്ലാതെമരിക്കാറായി,
കലമാൻപന്നികൾവന്നുപതിച്ചാൽ
മലയന്മാൎക്കുതിന്മാൻകൊള്ളാം.
വിലപിടിയാത്തൊരുപൂച്ചലഭിച്ചാൽ

മലയനുമായതുതിന്മാനാകാ.
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ടവലഞ്ഞുസഖേ! ഞാൻ
എലിയുംപൂച്ചയുമന്യോന്യംബഹു
കലഹികളെന്നൊരുചൊല്ലതുകൊള്ളാം
കലഹമെനിക്കുഭവാനോടില്ലതു
നലമൊടുനീയിഹബോധിക്കേണം.
വലയുടെചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങക്കില്ലേ.
മലയൻപോന്നുവരുന്നതിൽമുമ്പേ
വലകണ്ടിപ്പാൻകനിവിയലേണം.
വലയുന്നവരുടെപാലനമല്ലോ
വലിയജനങ്ങടെധർമ്മമതറിക!
എലിയെന്നല്ലഭവാനൊരുമലയിൽ
പുലിയെക്കൊല്ലതിവൻപന്നാകം*
പലവിധമിങ്ങനെമാർജ്ജാരകനുടെ
പരവശവാക്കുകൾകേട്ടൊരുനേരം
എലിയതുബോധിച്ചരികെചെന്നഥ
വലകണ്ടിപ്പാൻവട്ടംകൂട്ടി.
ഓരോചരടുകടിച്ചുമുറിപ്പാ-
നോരോനാഴികനേരംവേണം;
തെരുതെരെയങ്ങുകടിച്ചുമുറിച്ചാൽ
തരമല്ലെന്നതുമെലിയുടെഹൃദയേ;
മെച്ചമിവന്നിതുചെയ്യാനൊന്നു
പൂച്ചയറിഞ്ഞാലുപകാരത്തിനു

താഴ്ത്തുവരാനെണെന്നകനക്കെ
കാഴ്ത്തുയവന്നാണെന്നതുമൂലം
താമസമായതുകണ്ടൊരുപൂച്ച-
ക്കാമയമേറിക്ലേശവുമേറി
തെരുതെരെവേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻമലയപ്പാഴൻ
പുലരുന്നേരംമലയനാരും
പലരുംകലശലുകൂട്ടുംമുമ്പേ
വലകടിച്ചുവിടേണംനീയെ-"
ന്നെലിയൊടുപൂച്ചപറഞ്ഞുതുടങ്ങി.
വെട്ടമടുത്തൊരുസമയമൂഷിക-
നൊട്ടുംതാമസിയാതെവലയും
പൊട്ടിച്ചൻപൊടുപൊട്ടിലൊളിച്ചു
ദുഷ്ടൻപൂച്ചയുമങ്ങുനടന്നു.
ഒട്ടുദിനങ്ങൾകഴിഞ്ഞൊരുദിവസം
കിട്ടീലെങ്ങുമൊരേടത്തന്നം
തുഷ്ടിക്കെന്തൊരുവകയുള്ളെന്നിഹ
കാട്ടിൽനടന്നപ്പൂച്ചതെടിയൻ
കൂട്ടുസഖിത്വംപാലിച്ചെലിയുടെ
പൊട്ടിന്നരികെചെന്നുവിളിച്ചാൻ
"പണ്ടുപകാരംചെയ്തൊരുമൂഷിക-
നങ്ങോസുഖമിരംതന്നിലിരാനീ!"
എലിയതുകേട്ടുവിലത്തിന്നുള്ളിൽ-
തലകാട്ടാതെവസിച്ചുപറഞ്ഞാൻ:—

ശ്ലോകം.

"കാൎയ്യാൎത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേപുനഃ
മാൎജ്ജാരസ്ത്വംഹി മാൎജ്ജാരോ
മൂഷികോഹഞ്ചമൂഷികഃ."

"കാൎയ്യംകൊണ്ടിഹനീയുംഞാനും
കനിവൊടുസഖ്യംചെയ്തിതുമുന്നം
കാൎയ്യമതന്നുകഴിഞ്ഞുപിരിഞ്ഞു
വൈരമതിന്നിയുംമുന്നേപ്പോലെ
പൂതകനാംനീപൂതകനിന്നിമേൽ
മൂഷികനാംഞാൻമൂഷികനിന്നിമേൽ,
ഇനിനാംതങ്ങളിലെത്തുംനേരം
കനിവുമതില്ലൊരുമൊച്ചയുമില്ലാ"
ഇങ്ങിനെയുള്ളൊരുശ്ലോകംചൊല്ലി-
ട്ടങ്ങുനടന്നിതുമൂഷികനുടനേ.
എന്നതുകൊണ്ടുപറഞ്ഞേൻവൃകോദര!
നന്നിതുമാൎഗ്ഗംനയശാലികളാൽ
നിന്ദിതമല്ലിതുനന്ദിതമത്രെ,
ചെന്നുടനവരുടെമോചനമുചിതം.
ഇന്നിസ്സുകൃതമവരൊടുതീൎത്താൽ
പിന്നെനാടേതത്തപ്പോലെതന്നെ
കൌന്തേയന്മാർകൌന്തേയന്മാർ
കൌരവ്യന്മാർകൌരവ്യന്മാർ". 1752

"ആൎയ്യനിദാനീമരുളിച്ചെയ്തതു
കാൎയ്യമിതെ"ന്നരചെയ്തിതുനകുലൻ.

"പൂണാണിപറവാൻവിരുതുപെരുത്തവ–
ണെഷസുയോധനനന്ദനന്മാരും
ദുഷ്ണരിങ്ങനെവരുവാനൊക്കയു–
മെഷണിദോഷമിതെന്നറിയേണം."

ശ്ലോകം.

"പൂരാകമ്പനാരോമായൂർ–
ദുരാഗ്രഹവരാംചെഃ
പരാൻവിനാശയൻക്രൂയോ
ദുരാപദമുപേയിവാൻ."

"പണ്ടൊരുകുറുനരിതിന്മാനുള്ളു
തെണ്ടിനടന്നുകനാസ്ഥംമുട്ടി
കണ്ടകമുള്ളവനങ്ങളിലെല്ലാം
മണ്ടിനടന്നതളർന്നതിരം
കണ്ടാനൊരുദിക്കിനല്ലകരിമ്പുക–
ളുണ്ടാക്കിപ്പലവേലികളുംകെട്ടി.
കാത്തുകിടപ്പാൻപുരയുംകെട്ടി–
പ്പാൎത്തീടുന്നൊരുനായരുമുണ്ടു്.
കേളപ്പാരെന്നവനുടെപേരും
കേട്ടുഗ്രഹിച്ചാൻകുറുനരിയൊരുനാൾ
കേളപ്പാരൊടുചെന്നുപറഞ്ഞു
"കേളപ്പാ!ഞാനൊന്നുചൊല്ലുന്നു
നാളെപ്പുത്തുവെളുപ്പിനുമുൻപേ
കോളുള്ളൊരുദുഷ്ണമുണ്ടാം
കാട്ടിൽനടക്കുമൊരാനത്തലവൻ
കേട്ടുകരിമ്പുകളുള്ളവിശേഷം

ഭക്ഷിപ്പിവിടെവളൎത്തകരിമ്പുകൾ
ഭക്ഷിപ്പാനായ്വരുമത്തടിയൻ
ഭക്ഷിക്കുന്നോരുഞങ്ങളുടെ
ഭക്ഷിക്കാതെയടങ്ങുകയില്ല"
അതുകേട്ടപ്പോൾനേരെന്നോൎത്തൊരു
മുയൽകളപ്പോളൊന്നുവിരണ്ടു
'കുറുതായുള്ളൊരുകൌശലമുണ്ടിഹ
കുറുനരിഞാനതുബോധിപ്പിക്കാം.
ഞാമ്പുകൾപൂട്ടപ്പഴ്ച്ചിച്ചെയ്താൽ
കരിത്തടിയനെയിന്നുവധിക്കാം.
ചെറുവടക്കൊരുപൊഴംചെരുകിന
പുറനിന്നരികെചെന്നാപത്തുക്കെ
പറിക്കൊണ്ടാലമ്പുകളവരുടെ
നെററിക്കിട്ടുപ്രയോഗിച്ചീടാം.
പത്തുവെളുപ്പിനമുമ്പേയവിടെ-
ക്കെത്തിക്കൊണ്ടാലതുസാധിക്കും'
എന്നതുകേട്ടഥകേളപ്പാതു
നന്നെന്നോൎത്തുടനവിടെപ്പാൎത്താൻ
കുറുനരിചെന്നാദ്ദ്വിജവരനോട-
ങ്ങറിയിച്ചാനതുസമയേതന്നെ.
'കരിമ്പുതിന്മാൻകരിവരനിപ്പോൾ
തരിമ്പുമോഹമതുണ്ടെന്നാകിൽ,
തരംവരുന്നാംപത്തുവെളുപ്പിന
വരമ്പിനുള്ളിൽചെന്നാലവിടെ
കരിമ്പുകാണാമായതുതമ്പി-

ക്കാത്തിലാക്കിത്തിന്നുമുടിപ്പാ-
നൊത്തെന്മേടെണംനീയിഹഞാന-
ണെകമ്പടിക്കായ് മുന്നിൽനടപ്പാൻ"
ഉത്തരമുരചെയ്തീടിനകുമാരി
മത്തഗജത്തെക്കൊണ്ടുവരുമ്പോൾ
"പത്തൻപത്തുദിവസത്തിനകമ്മ-
മിത്തടിയന്റെശരീരംമതിയാ-
മിത്തൊഴിൽനല്ലകണക്കിനുകൂടി.
•കള്ളന്മാരുടെതടികൊണ്ടിന്നും
നാളെക്കംതടവില്ലുളിപ്പാൻ"
എന്നുവിചാരിച്ചുവനംതെളിവൊടു
ചെന്നൊരളിക്കിലൊളിച്ചുമറിന്നാൻ
വന്നടന്നാനകരിവൃതകത്തപ
തിന്നുള്ളോനൊരുസമയേകേളൻ,
ചുട്ടപഴത്തൊരുശരവുംവില്ലും
വട്ടംകൂട്ടിപ്പാതിരനേരം
പുറമ്മേലൊരുകാലുംവെച്ചുമ
തെററാനക്കണവിട്ടൊരുനേരം
മസ്തകമാറേബാണംകൊണ്ടൊരു
മത്തകരീന്ദ്രൻചത്തുമറിഞ്ഞു.
വമ്പനതാകിനകേളപ്പാരെ-
പ്പാമ്പുകടിച്ചുടനവനംചത്തു.
പത്തിപ്പുറമേൽവില്ലിന്മുനയൂ-
ന്നുകയാലപ്പാമ്പുംചത്തു.
ഒക്കെച്ചത്തതുകണ്ടുപ്രസാദി-

ച്ചുക്കുനരിയരികെച്ചെന്നുടനെ,
അക്കവവില്ലിൻമുനമേലുള്ളൊരു
രക്തംചെന്നഥനകൎന്നനരം
പല്ലുകടംതട്ടിമുറിഞ്ഞിളുണ്ടാണും
വില്ലുനിവൎന്നുടനവനുടെവായിൽ
കൊണ്ടുകരേറിക്കുനരിരോഷൻ
രണ്ടുപിളൎന്നുടനവനുംചത്തു.
ഏഷണിയുള്ളവനാണെന്നവനുമതു
ദോഷങ്ങളിലതിദോഷംനിയതം;
ദോഷന്മാൎക്കുകാരണമിപ്പുരി-
ദ്വാസ്ഥനമിങ്ങനെസംഗതിവന്നു.' 1836

അഥപുനരഗ്രജനരുളിച്ചെയ്തു:—
'കഥകൾപറഞ്ഞഥകാലംപോയാൽ
രഥമതിലധുനായന്ത്രിതരാമവ-
രതിദൂരംഗതരായെന്നുവരും.
വിരയെപ്പോകുകകോരവവീരാ!
ഹരിസുത!നീയുംകൂടിച്ചെല്ലുക.
ഇരുവരുമൊരുമിച്ചുംബരചരരെ-
പ്പരിചൊടുചെന്നുജയിച്ചുംകൊണ്ടഥ
കുരുസുതഗോധനവുംവീണ്ടുംകൊണ്ടിഹ
വരികതരിമ്പുവിചാരംവേണ്ടാ'
ഗുരുശാസനകളുകേട്ടങ്ങിരുവരു-
മുതരഘോഷംചെന്നുവിളിച്ചു. 1848

ചമ്പതാളം.

*ഗാനാചാൎയ്യധരരേ! ഗന്ധൎവ്വകീടരേ!
ഗമനമിതു വിരവിനൊടു വിഫലതരമാക്കുവൻ!
വിരുതുകളിതൊക്കവേ വിരതതരമാക്കുവൻ
വരുക യുധി പൊരുവതിന്നു പരികമമരാരിലരേ!
കരുകലമഹീരാടരുതരുതു സാഹസം
കരികളൊടു പൊരുവതിന്നു കുറുനരികൾ പോരുമോ
ഹരിതനയനാമിന്നു ഞാൻ പരിചൊടിതു ജ്ഞാനൻ
പരുഷതരശരനികരനിരകളൊടതിയുംവിധൌ
ഝടിതി പൊടിപെട്ടുമാം കടിലകുലമൊക്കവേ
പടപൊരുകിലുടലടയമുടവുമുടനേവരും
പടയിലധികാരൻ പടുമതി വൃകോദരൻ
കഠിനതരഗദയുടയ കരമുനകൊണ്ടുടൻ
അടിതുടരുമാറവേ പൊടിയുമുടനാകവേ
തുടിമുടികളുരലിലമറിതിലതുലിതമാശ്ശുതം.* 1 61

ഇത്ഥം പറഞ്ഞുകൊണ്ടു യുദ്ധം തുടങ്ങീ പാൎത്ഥൻ
ഉഗ്രപ്രദേശങ്ങളിൽക്കൂൎത്തുള്ള സായകങ്ങൾ
ചേൎത്തു പ്രയോഗിച്ചതു നേൎത്തു പോകാതെ കണ്ടു
കോൎത്തു ഗന്ധൎവ്വന്മാർ പാൎത്തു കൂടാതെയാക്കി...
തീൎത്തു വിജയനിനി പൂൎത്തു ഫലിക്കയില്ലെ...
ന്നോൎത്തു ചിത്രസേനനമാൎത്തു വിളിച്ചുടനേ,
മാരികണക്കെ വീരന്മാരിലസ്ത്രങ്ങളെ
വാരിച്ചൊരിഞ്ഞു വ്യോമചാരി ഗന്ധൎവ്വരാജൻ
പോരിലുടനേ വലവൈരിതനയനപ്പോൾ
ഭൂരിശസ്ത്രങ്ങൾകൊണ്ടു ദൂരീകരിച്ചു സൎവ്വം

ദിവ്യൻപലവിധത്തിൽദിവ്യാസ്ത്രംപ്രയോഗിച്ചു
സവ്യസാചിതാനതുസർവ്വംതടുത്തുനിന്നു
വമ്പുള്ളസ്സ്യന്ദനത്തെശരമ്പുതൂകിപ്പാരാതെ–
തിമ്പുറംകാണിയില്ലാത്തുകമ്പംതുടങ്ങിദിവ്യൻ
വിട്ടുപോവാനുംവഴികിട്ടുന്നതില്ലാപട–
വെട്ടുന്നതിന്നുപുനരൊട്ടുമെളുതുമല്ലാ;
പെട്ടെന്നനാമിവിടെപ്പെട്ടുപോമെന്നുറച്ചു
കൊട്ടംഘോഷവുംനിർത്തിയൊട്ടുംതാമസിക്കാതെ
തേരുംപടയുംതിറമേറുംതാനംഭൂമിയിൽ
ചേരുവാൻവന്നിറങ്ങിപോരുഗന്ധർവ്വരാജൻ
മാരുതാത്മജനന്നേരംപറഞ്ഞു, 'പാർത്ഥാ!
പോരുംകലഹമിനിച്ചുരുക്കയെന്നേവേണ്ടു
പാരംവലഞ്ഞുനിന്റെകൂരമ്പുകൊണ്ടിദ്ദുഷ്ടം
വൈരംവെടിഞ്ഞിവരെസ്സൈരംസംഭാവിക്കേണം
ഭീമസേനന്റെവാക്കുകളോർത്തുസവ്യസാചി
താമസംകൂടാതെകയ്യായുധമങ്ങുവച്ചു;
'ഭൂമിയിലിറങ്ങുകവൈകാതെചിത്രസേന!
നാമിരുവരുംതമ്മിലേതുംകലഹമില്ലാ.' 1900

ഗന്ധവഹാത്മജവിജയന്മാരോടു
ഗന്ധർവ്വാധിപനിദമരുൾചെയ്തു:
'ബന്ധുപ്രീതിബലംകൊണ്ടിവരെ–
ബ്ബന്ധിപ്പതിന്നിഹബന്ധംവന്നു
ഒരുവസ്തുപിടിപാടില്ലാതൊരു
കുരുസുതമൂഢന്മാരിവർനൂനം.
നിരുപമമായജളപ്രഭാവം

പൊരുതായ്‌വന്നശിരസ്സിൽകേറി
ദുറവുംനമ്മുടെവിപ്രകർമ്മത്തെ
മാറാളുള്ളവരുടെനിന്ദിതമെന്നും
ഏറ്റംഘോരതരമുള്ളതരോഷം
മാററണമെന്നിട്ടഹമിതിചെയ്തു
വീരവൃകോദര!വരിക ധനഞ്ജയ!
വൈരംനമ്മൊടുകരുതീടൊല്ലാ
വൈരിജനങ്ങടെബന്ധനമോക്ഷം.
വിരവൊടുചെയ്കവൃകോദരവീര!* 1916

എന്നതുകേട്ടുവൃകോദരനുടനെ
സ്വധനമെറിയ്യുന്നവരുക്കെ
കെട്ടുകളൊക്കെയഴിപ്പാൻഭൂമതി-
ലിട്ടുപുരട്ടിയുരുട്ടിച്ചിലരുടെ
കഴുമപിടിച്ചുവലിച്ചുംചിലരുടെ
പിരടിപിടിച്ചുതിരിച്ചുംചിലരുടെ
താടിപറിച്ചുംമീശമുറിച്ചും
മോടികുറച്ചുംതട്ടിമറിച്ചും
കെട്ടഴിയാഞ്ഞതുപൊട്ടിച്ചുംപണി-
പ്പെട്ടുമരത്തെൽനിന്നുനിലത്ത-
ഴിട്ടുതുടങ്ങിമടങ്ങാത്തതല-
ത്താട്ടേറ്റിസഹപിച്ചുണ്ടാരുമിതി
*ദുര്യോധനനുംദുശ്ശാസനനും
ദുർമ്മുഖനുംദുഷ്പ്രചരനിവനും
ദുർമ്മർഷണനുംദുർമ്മേധാവും
ദുഷ്കർഷണനുംദുർഭാഷണനും

ദുഷ്ടചിന്തനാം ദുഷ്ടശകുനനും
ദുശ്ശീലൻദുർബ്ബുദ്ധിരീശൻ
എണ്ണംന്തുമിതൊപ്പിപ്പാൻബദ്ധ—
മണ്ഡമിന്നിക്കിഹകൈതല്ലുന്ന
ഉണ്ണീ! വരിക ധനഞ്ജയ! നീയിന്നി
എണ്ണിയൊരിക്കൽസൂക്ഷിക്കണം
അണ്ണൻതമ്പിയുമവനുടെതമ്പിയു—
മെണ്ണത്തിൽപിഴകൂടാതെണ്ണുക!
കണ്ണില്ലാത്തൊരുജനകനിന്നിതൊ—
ട്ടെണ്ണിയൊരുദിനമാക്കന്നേരം
തൊണ്ണൂറ്റൊൻപതിലേറ്റംകണ്ടി—
ല്ലെന്നുള്ളൊരിളിവരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരാലയിലൊക്കെ—
പ്പാർത്തിവിടാഞ്ഞാൽദൂഷണമുണ്ടാം
കാണുന്നീലകണക്കപ്പിള്ളകൾ
മേനോക്കുപ്പന്മാരുമതില്ലാ
നല്ലചിതത്തിൽക്കൂടിനമുക്കെല്ലു—
തല്ലിനിയിവരുടെവേറുതിരിപ്പാൻ.*

എന്നുപറഞ്ഞുചിരിച്ചുവൃകോദര—
നൊന്നൊഴിയാതിഹനൂറുവരെയും
കെട്ടുമഴിച്ചുടവിട്ടുപതുക്കെ
തൊട്ടുതലോടിക്കൊണ്ടുരചെയ്താൻ:—
“ദുര്യോധനനുടെവചനംനിന്നുടെ
ദുര്യോഗംകൊണ്ടിങ്ങനെസംഗതി—
വന്നുഭവിച്ചുളനന്നാശുമിനി

നിന്നുടെധൎമ്മമൊട്ടുമേമികും
ഞായമുവരുവാൻവിഷമംനിന്നുടെ
മായമൊട്ടുണ്ടോമാറീടുന്നു?
നായുടെവാലൊരുപന്തീരാണ്ടും
ആയതമാകിനകുഴലതിലാക്കി
പിന്നെയെടുത്തുനോക്കുന്നേരം
മുന്നെപ്പോലെ വളഞ്ഞേയിരിപ്പൂ.
വെണ്മതികുലമതിലീശ്വരനാകിന
ധൎമ്മാത്മജനുടെചരണസമീപേ
ചെന്നുവണങ്ങിക്കരവുംകൂപ്പി
മൂന്നുവലത്തുംവെച്ചുപരിചൊടെ
പൊയ്ക്കൊണ്ടാലുംഹസ്തിനപുരമതി-
ലിക്കണ്ടനുജന്മാരൊടുകൂടെ.

ഇങ്ങിനെയുള്ള വൃകോദരവചനം
തിങ്ങിനനാണംകൊണ്ടുമുഖത്തെ
താഴ്ത്തിക്കൊണ്ടഥ കേട്ടുമനസ്സിലൊ-
രാൎത്തിമുഴുത്തുസുയോധനനുടനെ
ഉത്തരമുരിയാടാതെതന്നെ
സത്വരമനുജന്മാരൊടുകൂടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകുടിലൻ
വിരവൊടുവീരൻവായുതനൂജൻ
നരനൊടുകൂടെച്ചെന്നവനന്നേ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധൎമ്മാത്മജനുടെ

ചരണസമീപേ ചെന്നുവണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുദേവൻതന്നുടെ തൃപ്പാ-
ദസ്മരണം ചെയ്തു വസിച്ചിതു ഭദ്രം 1986
ചിത്രസേനനും വൃന്ദവുമെല്ലാം
ചിത്തേ സൌഖ്യം പൂണ്ടു ഗമിച്ചു
വൃത്രവൈരിയെച്ചെന്നുവണങ്ങി
തത്ര മേവിനാനതുമതിഭദ്രം. 1990

ഘോഷയാത്ര ഓട്ടൻതുള്ളൽ സമാപ്തം.



:o:

വിദ്യാവിനോദിനി അച്ചുകൂടം, തൃശ്ശിവപേരൂർ.

ടിപ്പണി

ഗ്രന്ഥാരംഭത്തിൽ കവി മഹാഗണപതിയെ വന്ദിക്കുന്നു:—

അണിമതികല = ചന്ദ്രക്കല. സുരവാഹിനി = ഗംഗ. ഫണി .... മണികൾ = സർപ്പങ്ങളുടെ പത്തികളിലുള്ള രത്നങ്ങൾ. ഇണങ്ങലം = ഇണക്കലം. പുരികുടിക = കുടിയിരിക്കുന്ന. പ്രണതഹിതാകരൻ = നമസ്കരിപ്പവർക്ക് ഗുണം ചെയ്യുന്നവൻ. അഗജാരമണൻ = പാർവ്വതീപതി. കരിണീവപുസ്സു = പിടിയാനയുടെ രൂപം. കമനീമണി = സ്ത്രീരത്നം. ഗിരിസുതയാസഹ = പാർവ്വതിയോടുകൂടി. കരിവരവേഷം = ആനത്തലവന്റെ വേഷം. കരിനാരി..... പരിവൃതം = ആനകൾ, സിംഹങ്ങൾ, കാട്ടുപോത്തുകൾ, പന്നികൾ ഇതുതുടങ്ങിയ മൃഗങ്ങളാൽ ചുററപ്പെട്ട. വിപിനം തന്നിൽ = കാട്ടിൽ. മലർവാസന = സുഗന്ധപുഷ്പങ്ങളുടെ വാസന. സുരഭി . . . . ഗതി = മന്ദമായുള്ള മലയവായുവിന്റെ വരവ്. പരിസര . . . . ഝങ്കൃതി = ചുററും വന്നുകൂടുന്ന വണ്ടുകളുടെ ഝങ്കാരം. പാദപ ....രാഗം = കുയിലുകളുടെ പഞ്ചമസ്വരത്തിന്റെ രാഗം. പതി . . . കിരണം = പൂർണ്ണചന്ദ്രന്റെ രശ്മി. സഫല . . . . വലി = മനോഹരമായ ഇലഞ്ഞിപ്പൂമൊട്ടുകളുടെ കൂട്ടം. സരസി ജ....കരം = കമലവനങ്ങളുടെ സമൂഹം. സരസി = സരസ്സിൽ. കള....പുളിനങ്ങൾ = ആററിൻമണൽത്തിട്ടകൾ. പരമതമമാനസർ = പരമമായ മനസ്സുറച്ചുകൂടിയവർ. തപസ്സാം = യോഗം. സുമ...... സമരൻ = കോടിബാലസൂര്യന്മാർക്കൊത്ത കാന്തിയുള്ളവൻ. കരിമുഖമാകിന = ആനയുടെ മുഖത്തോടുകൂടിയ. പാർവ്വതീപരമേശ്വരന്മാർ ആനകളായി ക്രീഡിച്ച സമയത്തുണ്ടായ ഗണപതിഭഗവാനെ കവി വന്ദിക്കുന്നു. ഇതിൽ

ഓരോ പാദത്തിലും രണ്ടുമാത്രയിലുള്ള 8 ഗണവും പാദ മദ്ധ്യമായ 4-ാം ഗണത്തിന്റെ അവസാനത്തിൽ യതിയുമു ണ്ടാകയാൽ വൃത്തം തരംഗിണി. ലക്ഷണം:—

"ദ്വിമാത്രം ഗണമെട്ടെണ്ണം
യതിമദ്ധ്യം തരംഗിണി"

എന്നാകുന്നു (വരി 1—24)

അനന്തരം വാഗ്ദേവതയായ സരസ്വതിയെ വ ന്ദിക്കുന്നു:—

കല്യാണ......കല്ലോലം=കല്യാണസമുദ്രത്തിലെ തിരമാല ക്കൂട്ടംപോലെയുള്ള. നല്ലോമ......ള്ളോളം=നല്ലതായ വില്ലു പോലെയുള്ള തിരുചില്ലികളുടെ ചലനം (നോട്ടം). കല്യാ ണം=മംഗളം, കല്യാണി=മംഗളസ്വരൂപിണി. വാണീദേ വി=സരസ്വതീദേവി. കല്ലാ......വല്ലുണ്ണ=വിരിഞ്ഞ താമര പ്പൂവിന്റെ കാന്തിയെ ജയിക്കുന്ന. സല്ലാപനങ്ങളുടെ=ന ല്ല കളികളുടെ. തെല്ലാട്=കടലോടു. മല്ലാര്യധ......ലിത ഗോ=കാമദേവന്റെ പടവില്ലിനോടു തുല്യമായ. ചില്ലീഷ ......ലസൽ=പുരികങ്ങളാകുന്ന സ്വപ്നലതകളുടെ കളി. സല്ലാ പ............ലാനകം=സംഭാഷണത്തിലുള്ള തേനിനാലുള്ള ലാ ളനകം. വല്ലായ്മ=അസ്വാതന്ത്ര്യം, പ്രതിമല്ലന്മാർ=എതിരാ ളികൾ. വചനകൌശല്യം=വാക്ചാതുര്യം. ശല്യങ്ങൾ=സങ്ക ടങ്ങൾ, മല്ലാധിവാസജായേ=കമലാസനന്റെ (ബ്രഹ്മാ വിന്റെ) പത്നി! മല്ലാക്ഷി=പദ്മാക്ഷി. അല്ലയോ സരസ്വ തി! എന്റെ സങ്കടങ്ങൾ തീർക്കണമേ. എന്നിങ്ങനെയെ ന്നു പറയുന്നു—ചൊല്ലേറെയൊരു കഥ = പ്രസിദ്ധമായ ഒരു കഥ. മേഷി= ആഗ്രഹം. തില്ല് = സംശയം. അല്ലൽ........ ....ജാലങ്ങൾ=അല്ലലാകുന്ന തിരമാലകൾ. കവികൾ = കവിതകളെന്നർത്ഥം. ചൊല്ല് = വാക്ക്. വല്ലാത്ത കവിത കൾ = ദുഷ്കവിതകൾ. ചൊല്ലാത്തവാക്ക് = യോജിപ്പില്ലാത്ത

വാക്ക്. ഏറി = ഏറെനേരത്തിൽ. ലേപ്യം = അമ്പ്. ഇന്ദുകടാക്ഷം = ഇന്ദുവിന്റെ കടാക്ഷം. സമരം ഗുന്ദം. ഇനിയ കേകാവൃത്തത്തിലെ പാദം അഞ്ചിച്ച് (കേകയ്ക്കുള്ള മൂന്നു യതികളിൽ ആദ്യത്തെ യതിയിൽതന്നെ പാദം നിറുത്തി) പ്രയോഗിച്ചിരിക്കയാൽ വൃത്തം അല്പകേക. ഈ വൃത്തത്തിൽ

"കല്യാണ വാരിരാശി
കല്ലോല ജാലംപോലെ"

എന്നിങ്ങനെ പാഠഭേദമുണ്ട്. ഈ വൃത്തത്തിന്റെ ലക്ഷണം

"കേകാപാദത്തെയഞ്ചിച്ചാ-
ലല്പകേകയതായിടും"

എന്നാണ്—(25—60)

ഗുരുക്കന്മാരെ വന്ദിക്കുന്നു:—

ധരണീസുര........മണി = ബ്രാഹ്മണകുലത്തിനു കിരീടരത്നം. ധരണീസുരശ്രേഷ്ഠ = ബ്രാഹ്മണശ്രേഷ്ഠൻ. ദോഷാക.......ദിനകരൻ = ദോഷാകരനാകുന്ന അന്ധകാരത്തിന്ന് സൂര്യനായവൻ. ഭൂപാലൻ = രാജാവ്. ധരണീധരന്റെ = വിഷ്ണുവിന്റെ. ചരണാംബുജ....കാമിയൻ = ചരണപത്മത്തിൽ രാഗമാകുന്ന മകരന്ദത്തെ ആഗ്രഹിക്കുന്നവൻ. കരുണാകര....ലയൻ = വലിയ കരുണയാകുന്ന അമൃതത്തിന്ന് സമുദ്രമായവൻ. അമലിനത....ഹം = അതിനിർമ്മലമായ (ഏറ്റവും ശുദ്ധമായ) കീർത്തിയുടെ കൂട്ടം. അമരോ....മകാരൻ = അമരന്മാരുടെ (ദേവന്മാരുടെ) അഴകേറിയ പട്ടണമായ അമരാവതിയെപ്പോലെയുള്ള അഴകേറിയ ഗൃഹത്തോടുകൂടിയവൻ. അമലമാം ഇളി....അഹൻ:—മാനസമായിരിക്കുന്ന പൊയ്കയിൽ ഇരിപ്പാനുള്ള ഇളയതായ അരയന്നത്തോടുകൂടിയവൻ. അമൃതോ....നയൻ = അമൃതോടുകൂടിയ അപാംഗങ്ങളുടെ സംഘട്ടനങ്ങളിൽ (കടക്കൺ നോട്ടത്തിൽ) ആനന്ദത്തോടുകൂടിയവൻ. ഹരിണാ

........ത്തഗുണഃ (ഹരിണാ, കനകവിതരണേഷു സുരതരുണാ, നീതിഷു ഗുരുണാ, ധൈര്യേഷു ഗിരിണാ സമഗുണഃ എന്നു പദച്ഛേദം)= വിഷ്ണുവിനോടും, സ്വർണ്ണദാനം മുതലായതിൽ കല്പവൃക്ഷത്തോടും, നീതികളിൽ ബൃഹസ്പതിയോടും, ധൈര്യത്തിൽ മഹത്തായ പർവ്വതത്തോടും സമമായ ഗുണത്തോടുകൂടിയവൻ. സുമധുര............രണോദാരൻ = സുമധുരകളായ തരുണികളുടെ മനസ്സഹരണത്തിങ്കൽ ഉചിതമായ തന്റെ കരുണയാൽ ഉന്നതമായ ഗുണത്തിന്റെ ഭരണത്താൽ ഉദാരമായ വിഹരണംകൊണ്ടു ഉദാരനായവൻ (സുന്ദരിമാരെ രമിപ്പിക്കുന്ന ഗുണമുള്ളവൻ.) രണോദഗ്രൻ = ഘോരമായ യുദ്ധങ്ങളിൽ വിരുതൻ. ചരണ............നിദ്രൻ = കാല്ക്കൽ പണിയുന്നവരെ രക്ഷിപ്പാൻ ഉണർന്നിരിക്കുന്നവൻ. ധരണീ........ധീരൻ = ഭൂമിഭാരവഹനത്തിൽ ധൈര്യവാൻ. പരിണാമസുഖം = അവസാനസുഖം. ഗ്രന്ഥകാരൻ ഇവിടെ രാജാവിനെ ഓർത്ത് വർണിക്കുന്നു. വിശേഷണങ്ങളും ഒരു രാജാവിന്റെ മാഹാത്മ്യത്തെ വിശദീകരിക്കുന്നു.—(61-82.)

ശ്ലോകം (നം: 4)

യത്ര = യാതൊന്നിൽ. ഉദരംഭരീണാം = ഉദരം മാത്രം കരുതുന്നവരുടെ. സങ്ഗഃ = സംസർഗം. ന ഭവതി = ഇല്ലയോ. സൽഗോഷ്ഠീ = നല്ല സഭ. വിരാജതേ = പ്രകാശമാകുന്നു. യദീയം = യാതൊന്നിനെസ്സംബന്ധിച്ച. മനഃ = മനസ്സ്. കുമതിഭിഃ ന = കുമതിയാൽ വ്യാപിക്കപ്പെട്ടതല്ലയോ. സന്താനോ = ഒരു സ്ത്രീ. ഇല്ലാത്തവ = ഇല്ലാതെയായാണ്. യൽ = യാതൊന്നിനെ. തീരരജോരാജിഃ = തീരത്തിൽനിന്നുണ്ടാകുന്ന പൊടിയുടെ കൂട്ടം. ന ദൂഷയതി = ദുഷിപ്പിക്കയില്ലയോ. തത് അംബു ച = ആ വെള്ളവും. ശുദ്ധാമലം = ശുദ്ധമാണ്. യൽ = യാതൊന്നിനെ ദുഃഖാവസ്ഥാഃ = ദുഃഖാവസ്ഥകൾ. ന മലിനയന്തി = മലിനമാക്കുന്നില്ലയോ. തത് സുഖം ച =

ളു സുഖവും, ഐശ്വൎയ്യം = കിട്ടാൻ പ്രയാസമുള്ളതാകുന്നു. ഇതിൽ മ. സ. ജ. സ. ത. ത. ഗണങ്ങളും അന്തത്തിൽ ഗുരുവും 12-ൽ യതിയുമുണ്ടാകയാൽ വൃത്തം ശാൎദ്ദൂലവിക്രീഡിതം. ലക്ഷണം:—

"പന്ത്രണ്ടാൽ മസജം സതം ത
ഗുരുവും ശാൎദ്ദൂലവിക്രീഡിതം"

